# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# പൊൽപുള്ളി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2023-2024**


**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**പാലക്കാട്-678001**

**ഇ-മെയിൽ: dopkd.ksad@kerala.gov.in**
**ഫോൺ : 0491-2520145**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.PKD.P11-1429/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയതി: 04/11/2024
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പൊൽപുള്ളി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പൊൽപുള്ളി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൊൽപുള്ളി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.PKD.P11-1429/2024 തീയ്യതി: 04/11/2024

# പാലക്കാട് ജില്ലയിലെ പൊൽപുള്ളി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ പൊൽപുള്ളി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 11-11-2023 മുതൽ 04-09-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| വി.പി. ഷോബി | ഡെപ്യൂട്ടി ഡയറക്ടർ | 05-09-2024 | 13-09-2024 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 05-09-2024 | 13-09-2024 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സുജാത.പി ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
സുരേഷ്.എ.ബി അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
മുഹമ്മദ് ഹിഷാം.എം സീനിയർ ഗ്രേഡ് ഓഡിറ്റർ
മോഹനൻ.കെ.എ ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.പി.ബാലഗംഗാധരൻ | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീ.ശിവാനന്ദ്.ആർ. | സെക്രട്ടറി | 01-04-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സുഹൈന | കൃഷി ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീമതി.ഗംഗ.ടി.ആർ. | വി.ഇ.ഒ. | 01-04-2023 | 13-07-2023 |
| ശ്രീ.പ്രഭുരാം | വി.ഇ.ഒ. | 14-07-2023 | 31-03-2024 |
| ഡോ.ജുമിത.യു.ജി. | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 01-04-2023 | 31-03-2024 |
| ഡോ.സുവിമോൾ.വി.വി. | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2023 | 31-03-2024 |
| ഡോ.ബിഷ്ണു.എസ്.പ്രസാദ് | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2023 | 31-03-2024 |
| ഡോ.ഗുരുസ്വാമി | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |
| ശ്രീമതി.അന്നപൂർണി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| കുമാരി.ശ്രീജ.സി.വി. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 31-03-2024 |
| ശ്രീമതി.അഫ്ല.എം.എസ്. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |

# ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിങ്ങ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിനൊപ്പം സമർപ്പിച്ചിട്ടില്ല | 1-1-1 |
| 3 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ അപാകത | 1-1-2 |
| 4 | ആസ്തി വിവരങ്ങൾ കാലികമാക്കിയിട്ടില്ല | 1-1-3 |
| 5 | മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ്- യഥാർത്ഥ ചെലവ് തുകയല്ല വാർഷിക ധനകാര്യ പത്രികയിൽ ചേർത്തത്. | 1-1-4 |
| 6 | ഹെൽത്ത് ഗ്രാന്റ് ഇൻഫ്രാസ്ട്രക്ചർ- B4, B17 ഷെഡ്യൂളുകളിൽ ചേർത്ത തുകകൾ പൊരുത്തപ്പെടുന്നില്ല. | 1-1-5 |
| 7 | രസീറ്റ് & പേമെന്റ് പത്രികയിൽ വരവ് രേഖപ്പെടുത്തിയതിൽ ഇരട്ടിപ്പ്. | 1-1-6 |
| 8 | ICDS കേന്ദ്രവിഹിതം ചെലവ് ഇൻകം ആന്റ് എക്സ്പെന്റിച്ചർ പത്രികയിലെ I6 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-7 |
| 9 | ശുചിത്വ മിഷൻ ഗ്രാന്റ് തുക വിവരങ്ങൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയില്ല | 1-1-8 |
| 10 | വികസനഫണ്ട് ചെലവ് വിവരങ്ങൾ വാർഷിക ധനകാര്യപത്രികയിലും സുലേഖ ചെലവ് പത്രികയിലും വ്യത്യസ്തം | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 13 | ഫണ്ട് വിനിയോഗം | 1-4 |
| 14 | പദ്ധതി അവലോകനം | 1-5 |
| 15 | തൊഴിലുറപ്പു പദ്ധതി | 1-6 |
| 16 | ക്ഷേമ പെൻഷനുകൾ | 1-7 |
| 17 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 18 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 19 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 20 | ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-11 |
| 21 | വസ്തു നികുതി പരിഷ്കരണം | 1-12 |
| 22 | അൺ എയ്ഡഡ് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയം സംബന്ധിച്ച് | 1-13 |
| 23 | വിനിയോഗിക്കാത്ത ഗ്രാന്റ് തുകകൾ തിരിച്ചടക്കേണ്ടതാണ് | 1-14 |
| 24 | യോഗമിനുട്സുകൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതാണ് | 1-15 |
| 25 | അങ്കണവാടി കെട്ടിടം നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ് | 1-16 |
| 26 | എസ്.എസ്.എ വിഹിതം നൽകൽ പദ്ധതി -തുക ചെലവഴിച്ചതിന് ധനവിനിയോഗ വിവരം ലഭ്യമല്ല | 1-17 |
| 27 | എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമാണം | 1-18 |
| 28 | ടോയ്ലറ്റ് റിട്രോഫിക്കേഷൻ- ഗുണഭോക്താക്കൾ ഭാഗികമായി തുക കൈപറ്റി പണി പൂർത്തിയാക്കിയിട്ടില്ല | 1-19 |

| | | |
|---|---|---|
| 29 | കക്കൂസ് നിർമ്മാണം പ്രോജക്ട്- സുലേഖ ചെലവ് പത്രികയിൽ ചെലവ് തെറ്റായി രേഖപ്പെടുത്തി | 1-20 |
| 30 | ലൈഫ് ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-21 |
| 31 | മരാമത്ത് പ്രവൃത്തികൾ -അവലോകനം | 1-22 |
| 32 | ടെണ്ടർ ഫോം വില തനതു ഫണ്ടിലേക്ക് മാറ്റാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-23 |
| 33 | ടേക്ക് എ ബ്രേക്ക് കേന്ദ്രം - പ്രവർത്തനക്ഷമമാക്കേണ്ടതാണ് | 1-24 |
| 34 | പൊൽപ്പുള്ളി പിഎച്ച്സി സബ്സെന്ററർ നിർമ്മാണം-പ്രവൃത്തി പൂർത്തീകരി ക്കേണ്ടതാണ് | 1-25 |
| 35 | എഗ്രിമെന്റ് ചമയ്ക്കുവാൻ വൈകിയതിന് പിഴ ഈടാക്കിയില്ല | 1-26 |
| 36 | പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല | 1-27 |
| 37 | ആയുഷ് ഹെൽത്ത് &വെൽനസ് സെന്ററർ-പശ്ചാത്തല സൌകര്യം സജ്ജമാക്കൽ -പ്രവൃത്തി പൂർത്തിയാക്കേണ്ടതാണ് | 1-28 |
| 38 | ഹരിത കർമ്മസേന-പ്രവർത്തനം | 1-29 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്ക്-പത്രികകൾ-സംക്ഷിപ്തം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. പൊൽപ്പുള്ളി ഗ്രാമ പഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 25-5-2024 തീയതിയിലെ 4(1)-ാം നം. തീരുമാനം പ്രകാരം അംഗീകരിച്ച് 26-7-2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാനുവൽ അധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പൊൽപ്പുള്ളി ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള

വാർഷിക ധനകാര്യപത്രികകൾ 31.03.2024ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: പാലക്കാട്,
തീയതി: 4-11-'24. ഡെപ്യൂട്ടി ഡയറക്ടർ

## 1-1-1 അക്കൗണ്ടിങ്ങ് ചട്ടങ്ങൾ പ്രകാരമുളള എല്ലാ പത്രികകളും വാർഷിക കണക്കിനൊപ്പം സമർപ്പിച്ചിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം താഴെ ചേർക്കുന്നവ വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

എ) ചട്ടം 62 ഇ – അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ – പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ തുടങ്ങിയവ

ബി) ചട്ടം 62 എഫ് – അടിസ്ഥാന അനുപാതങ്ങൾ

## 1-1-2 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ അപാകത

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24 കാലയളവിലെ "Net Increase/Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 8519117.00 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2023-24 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് -35736384.00രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും ഗ്രാമപഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-1-3 ആസ്തി വിവരങ്ങൾ കാലികമാക്കിയിട്ടില്ല

ആസ്തി വിവരങ്ങൾ കാലികമാക്കാത്തതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11- Fixed Assets, B-11(A) - Accumulated Depreciation , B-11(E)- Capital Expenses (Infrastructure Sector)എന്നിവ പ്രകാരമുള്ള മൂല്യത്തിന്റെ കൃത്യത ഉറപ്പാക്കുവാൻ കഴിഞ്ഞിട്ടില്ല.

## 1-1-4 മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ്- യഥാർത്ഥ ചെലവ് തുകയല്ല വാർഷിക ധനകാര്യ പത്രികയിൽ ചേർത്തത്.

വാർഷിക ധനകാര്യപത്രിക ,വെബ് സാംഖ്യ എ സി ആർ എന്നിവ പ്രകാരമുള്ള മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് ചെലവ് തുകയായി ചേർത്തിട്ടുള്ളത് 1569481 രൂപ എന്നാണ്. എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരമുള്ളതും സാമ്പത്തിക വർഷത്തെ യഥാർത്ഥവുമായ ചെലവ് തുക 1113327 രൂപയാണ്.വ്യത്യാസം 456154 രൂപ.അംഗീകാരം ലഭ്യമാവാത്ത പ്രോജക്ട്-24/23- ന്റെ ചെലവ് ആയി 456154 രൂപ എന്ന് തെറ്റായി ചേർത്തത് മൂലമാണ് വാർഷിക ധനകാര്യപത്രിക ,വെബ് സാംഖ്യ എ സി ആർ എന്നിവയിൽ അപാകത സംഭവിച്ചിട്ടുള്ളത്.

## 1-1-5 ഹെൽത്ത് ഗ്രാന്റ് ഇൻഫ്രാസ്ട്രക്ചർ- B4, B17 ഷെഡ്യൂളുകളിൽ ചേർത്ത തുകകൾ പൊരുത്തപ്പെടുന്നില്ല.

ഹെൽത്ത് ഗ്രാന്റ് ഇൻഫ്രാസ്ട്രക്ചർ ഗ്രാന്റിന്റെ ബാലൻസ് തുകയായി ബാലൻസ് ഷീറ്റ് B4 ൽ ചേർത്തത് 669995 എന്നാണ്. എന്നാൽ ബാലൻസ് ഷീറ്റ് B17 ൽ 668795 രൂപ എന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്(320100202).1200 രൂപയുടെ വ്യത്യാസം ഉണ്ട് .Ilgms ൽ

പേമെന്റ് രേഖപ്പെടുത്തിയതിലെ അപാകം മൂലമാണ് മേൽ വ്യത്യാസം സംഭവിച്ചിട്ടുള്ളത്.

**1-1-6 രസീറ്റ് & പേമെന്റ് പത്രികയിൽ വരവ് രേഖപ്പെടുത്തിയതിൽ ഇരട്ടിപ്പ്.**

വാട്ടർഅതോറിറ്റിയിൽ നിന്ന് തിരികെ ലഭ്യമായ തുക 461243 രൂപ ജേണൽ ചെയ്തതിലെ അപാകം മൂലം രസീറ്റ് & പേമെന്റ് പത്രികയിൽ (RP 30) 320200105 ,320100999 എന്നീ രണ്ട് ഹെഡുകളിൽ രണ്ട് വരവായി തെറ്റായി ചേർത്തിരിക്കുന്നു.

**1-1-7 ICDS കേന്ദ്രവിഹിതം ചെലവ് ഇൻകം ആന്റ് എക്സ്പെന്റിച്ചർ പത്രികയിലെ I6 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല**

ICDS കേന്ദ്രവിഹിതം സാമ്പത്തിക വർഷത്തിൽ ചെലവഴിച്ചത് ഇൻകം ആന്റ് എക്സ്പെന്റിച്ചർ പത്രികയിലെ I6 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.(ചെലവ് പത്രിക പ്രകാരം ചെലവ്-849393 രൂപ)

**1-1-8 ശുചിത്വ മിഷൻ ഗ്രാന്റ് തുക വിവരങ്ങൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയില്ല**

ശുചിത്വ മിഷൻ ഗ്രാന്റ് തുക ₹84000 തൻവർഷം വരവു വരികയും ചെലവഴിക്കാത്തതിനാൽ ശുചിത്വ മിഷൻ തിരിച്ചെടുക്കുകയും ചെയ്തത് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ ചെലവ് പത്രികയിൽ ചെലവ് രേഖപ്പെടുത്തിയിരിക്കുന്നു (പ്രൊജക്റ്റ് നം.50/24).

**1-1-9 വികസനഫണ്ട് ചെലവ് വിവരങ്ങൾ വാർഷിക ധനകാര്യപത്രികയിലും സുലേഖ ചെലവ് പത്രികയിലും വ്യത്യസ്തം**

വികസനഫണ്ട് ജനറൽ, വികസനഫണ്ട് എസ്.സി.പി എന്നിവയുടെ വാർഷിക ധനകാര്യപത്രികയിലെ ചെലവ് തുകകൾ സുലേഖ ചെലവ് പത്രികയിലെ ചെലവ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

| | |
|---|---|
| വികസനഫണ്ട് ജനറൽ ചെലവ് വാർഷിക ധനകാര്യ പത്രിക പ്രകാരം-10510249 | വികസനഫണ്ട് ജനറൽ ചെലവ് സുലേഖ ചെലവ് പത്രിക പ്രകാരം -12433296 |
| വികസനഫണ്ട് എസ്സിപി ചെലവ് വാർഷിക ധനകാര്യ പത്രിക പ്രകാരം-5873495 | വികസനഫണ്ട് എസ്സിപി ചെലവ് സുലേഖ ചെലവ് പത്രിക പ്രകാരം -6490540 |

**1-2 ബജറ്റ്**

സ.ഉ (സാധാ) നം. 3291/2016/ തസ്വഭവ തീയതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാനുവൽ', 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 175, 214 എന്നിവ പ്രകാരം ബജറ്റ് തയ്യാറാക്കൽ സംബന്ധിച്ച് പാലിക്കേണ്ട നടപടിക്രമങ്ങൾ പാലിച്ച് ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്.
17.03.2023ന് ചേർന്ന ഭരണ സമിതി യോഗത്തിലെ 3(1) നമ്പർ തീരുമാനം പ്രകാരം ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. 10.02.2024ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം 1 പ്രകാരം ബജറ്റ് പരിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 2338009 |
| തൻവർഷം വരവ് | 154342250 |
| ആകെ വരവ് | 156680259 |
| ചെലവ് | 154180810 |
| നീക്കിയിരിപ്പ് | 2499449 |

പരിഷ്കരിച്ച ബജറ്റ്

| | |
|---|---|
| മുന്നിരിപ്പ് | 2494520 |
| തൻവർഷം വരവ് | 152047400 |
| ആകെ വരവ് | 154541920 |
| ചെലവ് | 151972010 |
| നീക്കിയിരിപ്പ് | 2569910 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹10170893 |
| വരവ് | ₹36165773 |
| ആകെ | ₹46336666 |
| ചെലവ് | ₹27646656 |
| നീക്കിയിരിപ്പ് | ₹18690010 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 0 | 14408363 | 14408363 | 12433296 | 1975067 |
| വികസനഫണ്ട് -എസ്.സി.പി | 0 | 8895637 | 8895637 | 6490540 | 2405097 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 4402000 | 4402000 | 3821690 | 580310 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ്* | 0 | 1571400 | 1571400 | 1113327 * | 458073 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺടൈഡ് ഗ്രാന്റ്-New ** | 2651787 | 2644796 ** | 5296583 | 2620535 | 2676048 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഗ്രാന്റ്-New *** | 4644979 | 1826412 *** | 6471391 | 2236342 | 4235049 |

*AFS ലെ ചെലവ്-1569481 രൂപ, വ്യത്യാസം 456154 രൂപ – (24/23 പ്രോജക്ട് വെറ്റിംഗ് ലഭിച്ചില്ല , സാംഖ്യയിൽ തെറ്റായി ഉൾപ്പെടുത്തി)

** പലിശ വരവ് 210796 ഉൾപ്പെടെയുള്ള തുക

***1826000+412 (തിരിച്ചടച്ച തുക 412 രൂപ B4,B17 ബാലൻസ് വ്യത്യാസം)

**കേന്ദ്രാവിഷ്കൃതം**

എ)

| | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ICDS | 120972 | 1140299 | 1261271 | 849393 | 411878 |
| ശുചിത്വം | 558311 | 0 | 558311 | 0 | 558311 |
| ആയുഷ്മിഷൻ ഹോമിയോ | 500000 | 0 | 500000 | 290062 | 209938 |
| ഹെൽത്ത് ഗ്രാന്റ് (Diagnostic Infrastructure) | 7335 | 739544 | 746879 | 76884 | 669995 |
| ഹെൽത്ത് ഗ്രാന്റ്(Towards Buildingless Sub Centres PHC& CHCs) | 0 | 2805500 | 2805500 | 0 | 2805500 |
| ഹെൽത്ത് ഗ്രാന്റ്( Conversion To Wellness Centres) | 6633 | 322103 | 328736 | 14412 | 314324 |

**ബി) തൊഴിലുറപ്പു പദ്ധതി**

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1705 | 1076959 | 1078664 | 1078664 | 0 |
| തൊഴിലാളികളുടെ വേതനം | 0 | 23620513 | 23620513 | 23620513 | 0 |
| ആകെ | 1705 | 24697472 | 24699177 | 24699177 | 0 |

**C)സംസ്ഥാനാവിഷ്കൃതം**

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ലൈഫ് മിഷൻ | 0 | 8500000 | 8500000 | 3900000 | 4600000 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 165 | 136471164 | 104 | 44566781 | 61 | 63.03 |

വിവിധ നിർവഹണ ഉദ്യോഗസ്ഥർ അംഗീകാരം ലഭ്യമാക്കിയ പ്രൊജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 5 | 8430220 | 5882989 | 69.78 |
| വി.ഇ.ഒ. | 28 | 16 | 88029258 | 15456040 | 17.56 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 16 | 11 | 5502681 | 3581059 | 65.08 |
| സെക്രട്ടറി | 34 | 17 | 5302392 | *7320103 | 100 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 56 | 34 | 22589955 | 8657124 | 38.32 |
| മെഡിക്കൽ ഓഫീസർ-PHC | 12 | 10 | 2003048 | 832481 | 41.56 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 2 | 2 | 597000 | 355610 | 59.57 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 2 | 2 | 380000 | 229998 | 60.53 |
| വെറ്ററിനറി സർജ്ജൻ | 8 | 7 | 3000000 | 2251377 | 75.05 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 0 | 636610 | 0 | 0 |
| ആകെ | 165 | 104 | 136471164 | 44566781 | 32.66 |

* ചെലവു പത്രികയിൽ ജി.ഒ. പ്രൊജക്ടുകളായ ലൈഫ് (ജനറൽ), ലൈഫ് (എസ്‌സിപി), അംഗൻവാടി ചെലവിൽജീവനക്കാരുടെ പ്രതിഫല ഇനത്തിൽ ഈടാക്കുന്ന തുക എന്നിവയുടെ ആകെ തുക ₹3524942 വരവിലെടുക്കാതെ ചെലവിൽ മാത്രം ഉൾപ്പെടുത്തിയതിനാൽ സെക്രട്ടറിയുടെ പ്രൊജക്ടുകളിൽ വരവിനെക്കാൾ കൂടുതൽ ചെലവ് ആണ്.

അതാത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പു പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1705 | 1076959 | 1078664 | 1078664 | 0 |
| തൊഴിലാളികളുടെ വേതനം | 0 | 23620513 | 23620513 | 23620513 | 0 |

| | | | | | |
|---|---|---|---|---|---|
| ആകെ | 1705 | 24697472 | 24699177 | 24699177 | 0 |

## 1-7 ക്ഷേമ പെൻഷനുകൾ

ഗ്രാമപഞ്ചായത്ത് സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 6620200 | 601 |
| 2 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 11545900 | 1267 |
| 3 | വികലാംഗ പെൻഷൻ | 2090400 | 191 |
| 4 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 749800 | 60 |
| 5 | വിധവാ പെൻഷൻ | 8576300 | 817 |
| 6 | വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 120000 | 4 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05-09-2024 തീയതിയിൽ 2.45 P.M. ന് സ്ഥാപനത്തിലെ അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 14578/- (പതിനാലായിരത്തി അഞ്ഞൂറ്റി എഴുപത്തി എട്ട് ) രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴുവൻ വിഷയങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപിച്ചിട്ടുണ്ട്.

അക്കൗണ്ടിംഗ് റൂൾസ് പ്രകാരം സൂക്ഷിക്കേണ്ട എല്ലാ രജിസ്റ്ററുകളും രേഖകളും സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുണ്ട്.

ബുക്ക് ഓഫ് അക്കൗണ്ട്സും ബാങ്ക് ബാലൻസും തമ്മിൽ മാസാന്ത്യ/വർഷാന്ത്യ റീകൺസീലിയേഷൻ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്.

കണക്കുകൾ ശരിയായി അക്കൌണ്ട് ചെയ്യപ്പെടുന്നതിലും രേഖകളുടെ സൂക്ഷിപ്പിലും ഉള്ള അപാകതകൾ പരിഹരിക്കാൻ മേലുദ്യോഗസ്ഥൻമാർ ശരിയായ ശ്രദ്ധ പതിപ്പിച്ചിട്ടില്ല.

സകർമ്മ ആപ്ലിക്കേഷൻ മുഖേനയുള്ള ഭരണസമിതിയോഗങ്ങളുടെ നടപടിക്രമങ്ങൾ പരിശോധിച്ചതിൽ മിനിട്ട്സ് പൂർത്തീകരിക്കുന്നതിൽ 1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം ചട്ടങ്ങളിലെ) ചട്ടം 26 പ്രകാരമുള്ള സമയപരിധി

പാലിക്കുന്നില്ല. ചട്ടം 26(8) പ്രകാരം യോഗം കഴിഞ്ഞ് മൂന്നുദിവസത്തിനകം സെക്രട്ടറി മിനിട്ട്സ് തയ്യാറാക്കി പ്രസിഡന്‍റിന്‍റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ മിനിട്ട്സ് തയ്യാറാക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നുണ്ട്. മിനിട്ട്സ് തയ്യാറാക്കി അയച്ച ദിവസം തന്നെ പ്രസിഡന്‍റ് അംഗീകരിച്ചിട്ടുണ്ട്. കൂടാതെ സ്റ്റാന്‍റിംഗ് കമ്മിറ്റി, ഭരണ സമിതി യോഗങ്ങളുടെ മിനിട്സുകൾ പൂർത്തീകരിക്കാത്തതായി കാണുന്നു. യോഗമിനുട്സുകൾ ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ തയ്യാറാക്കി അംഗീകാരം ലഭ്യമാക്കി ക്ലോസ് ചെയ്യേണ്ടതാണ്.

ഐഎസ്ഒ സർട്ടിഫിക്കേഷൻ 2023 ആഗസ്റ്റ് മാസം പ്രാബല്യത്തിൽ പുതുക്കിയിട്ടുണ്ട്.

പദ്ധതി നടത്തിപ്പ് കാര്യക്ഷമത ഉറപ്പു വരുത്തേണ്ടതാണ്. കൃത്യമായ ആസൂത്രണത്തിന്‍റെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെ സമയബന്ധിതമായ ഇടപെടലിന്‍റെയും അഭാവത്തിൽ 2023-24 വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിന് വകയിരുത്തിയ ₹136471164യിൽ ₹44566781 മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ₹91904383/- രൂപയുടെ പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടില്ല.

ചെലവഴിക്കാത്ത ഗ്രാന്‍റുകൾ തുടർവർഷങ്ങളിൽ നഷ്ടമാകും എന്നതിനാൽ സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്‍റുകൾ പരമാവധി അതാത് വർഷങ്ങളിൽ തന്നെ ഉപയോഗപ്പെടുത്തി ഗ്രാമപഞ്ചായത്തിന്‍റെ വികസനം ത്വരിതപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്‍റെ വിവരം

23-11-2012 മുതൽ 7-12-2012 വരെ നടന്ന അക്കൗണ്ടന്‍റ് ജനറലിന്‍റെ ഓഡിറ്റിൽ 2007-08 മുതൽ 2011-12 വർഷം വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. നം.എൽബിഎ(എച്ച്.ക്യു)IV/8A-1907/12 തിയതി, 3-4-2017 കത്ത് പ്രകാരം റിപ്പോർട്ടിലെ എല്ലാ ഖണ്ഡികകളും തീർപ്പാക്കിയിട്ടുണ്ട്.

പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തിന്‍റെ 8/2022 മാസത്തെ ഓഡിറ്റ് 26-8-2022 തിയതിയിൽ പൂർത്തിയാക്കിയിട്ടുണ്ട്. അതിൻപ്രകാരം 12/2019 മുതൽ 7/2022 വരെ 24 ഖണ്ഡികകൾ തീർപ്പാക്കാൻ അവശേഷിക്കുന്നുണ്ട്. പരാമർശങ്ങൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

## 1-11 ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

ലൈസൻസ് രജിസ്റ്റർ പ്രകാരം 2023-24 വർഷത്തിൽ 202 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. സഞ്ചയ സോഫ്റ്റ്‌വെയറിലെ കണക്കുകൾ പ്രകാരം വാണിജ്യം, വ്യവസായം എന്നീ ഉപയോഗക്രമങ്ങളിലായി 13 വാർഡുകളിലായി 573 കെട്ടിടങ്ങളാണ് നിലവിലുള്ളത്. ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും ഫീൽഡ് തല പരിശോധനയിലുടെ സ്ഥാപനങ്ങളുടെ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും ആയത് കാലികമാക്കി സൂക്ഷിക്കാത്തതിനാൽ ഡിമാന്‍റ് പൂർണ്ണമാണോ എന്നതിന്‍റെയും ഗ്രാമപഞ്ചായത്തിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്നതിന്‍റെയും കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ലൈസൻസ് ഫീസ് ഒടുക്കിയ സ്ഥാപനങ്ങളുടെ വിവരങ്ങൾ മാത്രമാണ് ലൈസൻസ് രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നത്. വസ്തു നികുതി ഒടുക്കുന്ന ഗാർഹികേതര സ്ഥാപനങ്ങളുടെ കണക്കും ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ കണക്കും പൊരുത്തപ്പെടുന്നില്ല. ഗ്രാമപഞ്ചായത്തിലെ എല്ലാ വാണിജ്യ-വ്യവസായ സ്ഥാപനങ്ങളേയും ലൈസൻസിന്‍റെ പരിധിയിൽ കൊണ്ടുവരേണ്ടതാണ്.

മേൽ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം : 5/07-09-2024 ന് നൽകിയ മറുപടിയിൽ ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയതായും, 2022-23 സാമ്പത്തിക

വർഷം 187 സ്ഥാപനങ്ങൾ ഉണ്ടായിരുന്നത് ഫീൽഡ് തല പരിശോധനയിലൂടെ കണ്ടെത്തിയ മുഴുവൻ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തിയതായും, വ്യവസായം വാണിജ്യ ഇനത്തിൽ 573 കെട്ടിടങ്ങൾ സഞ്ചയ പ്രകാരം ഉണ്ടെങ്കിലും കോവിഡ് കാലത്ത് നിർത്തി പോയ പല കടകളും തുറന്ന് പ്രവർത്തിക്കുന്നില്ലെന്നും അറിയിച്ചിട്ടുണ്ട്.

## 1-12 വസ്തു നികുതി പരിഷ്കരണം

2023 ലെ വസ്തുനികുതി പരിഷ്ക്കരണം നടപടികൾ പൂർത്തികരിച്ചത്, സോഫ്റ്റ്‌വെയർ അപ്ഡേഷൻ നടത്തി ഡാറ്റാ പ്യൂരിഫിക്കേഷനിൽ അപാകതകൾ പരിഹരിച്ചത് , 9ബി ഫോറങ്ങൾ ലഭ്യമാക്കിയ കെട്ടിടങ്ങളുടെഎണ്ണം കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങൾക്ക് ഭേദഗതി പ്രകാരമുള്ള സർവ്വീസ് ചാർജ് ഈടാക്കുന്നത് എന്നീ വിവരങ്ങൾ ലഭ്യമാക്കുന്നതിന് 6/07-09-2024 ആയി ഓഡിറ്റ് അന്വേഷണം നൽകിയിരുന്നു.

2023 വസ്തു നികുതി പരിഷ്ക്കരണത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ എല്ലാ കെട്ടിടങ്ങളുടെയും വിവരശേഖരണം നടത്തിയെന്നും, 13 വാർഡുകളിലേയും കെട്ടിട വിവരങ്ങൾ ഡാറ്റാ പ്യൂരിഫിക്കഷൻ ചെയ്തിട്ടുള്ളതായും, 3 കെട്ടിടങ്ങളുടെ 9ബി ഫോറം മാത്രമാണ് ലഭിച്ചിട്ടുള്ളതെന്നും, ഗ്രാമപഞ്ചായത്ത് പരിധിയിൽ കേന്ദ്ര സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങൾ ഇല്ലായെന്നും ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകി.

ഗ്രാമപഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളുടെയും വസ്തു നികുതി പരിഷ്കരണ നടപടികൾ പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-13 അൺ എയ്ഡഡ് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയം സംബന്ധിച്ച്

അൺ എയ്ഡഡ് സ്ഥാപനങ്ങളുടെ ഹയർസെക്കൻഡറി തലം വരെയുള്ള വിദ്യാഭ്യാസ ആവശ്യത്തിനും അനുബന്ധ ആവശ്യത്തിനും ഉപയോഗിക്കുന്ന കെട്ടിടങ്ങളെയും വിദ്യാഭ്യാസ സ്ഥാപനത്തിലെ വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റൽ കെട്ടിടത്തെയും വസ്തു നികുതി ചുമത്തുന്നത് ഒഴിവാക്കി കൊണ്ടുള്ള കേരള പഞ്ചായത്ത് രാജ് ആക്ടിലെ ബന്ധപ്പെട്ട സെക്ഷൻ (സെക്ഷൻ 207 ബിഎ) 2023ലെ 18ആം ആക്ടിലൂടെ 1.4.2023 തീയതി പ്രാബല്യത്തിൽ ഒഴിവാക്കിയിട്ടുണ്ട്. നിലവിൽ അൺ എയ്ഡഡ് സ്ഥാപനങ്ങളുടെ കെട്ടിടങ്ങൾക്ക് ബാധകമായ വസ്തുനികുതി ചുമത്തി ഡിമാന്റ് ചെയ്യാവുന്നതാണ്. ഇത്തരം കെട്ടിടങ്ങൾക്ക് 2023-24 സാമ്പത്തിക വർഷത്തിലും തുടർന്നും വസ്തു നികുതി നിർണ്ണയിച്ച് ഡിമാന്റ് ചെയ്തു ഈടാക്കിയ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനു നൽകിയ ഓഡിറ്റ് അന്വേഷണം : 7/07-09-2024 ന് ഗ്രാമപഞ്ചായത്ത് പരിധിയിൽ അൺ എയ്ഡഡ് സ്ക്കൂളുകൾ പ്രവർത്തിക്കുന്നില്ലെന്ന് മറുപടി അറിയിച്ചിട്ടുണ്ട്.

## 1-14 വിനിയോഗിക്കാത്ത ഗ്രാന്റ് തുകകൾ തിരിച്ചടക്കേണ്ടതാണ്

**ബാലൻസ് ഷീറ്റ്** B-9 -Other Liabilities ഷെഡ്യൂൾ -350400999- എന്ന ഹെഡിൽ Refund Of Unutilised Grants പ്രകാരം ₹50096 ഉണ്ട്.

തുക Bank Of India അക്കൗണ്ടിലേക്ക് തിരിച്ചു വന്നതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമനം. | വൌച്ചർ നം./ തിയതി | തുക ₹ | റിമാർക്സ് |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| 1 | 121080400012/23-3-2022 | 50096 | Refund From Water Authority |

ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറി നം. 9/7-9-2024ന് ₹50096 വാട്ടർ അതോറിറ്റിയിൽ നിന്നും റീഫണ്ട് ലഭിച്ച തുകയാണെന്നും ട്രഷറി ഹെഡിൽ നിന്നും അനുവദിച്ച പദ്ധതി തുകയുടെ ബാക്കി തുകയായതിനാൽ തിരിച്ചടക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

## 1-15 യോഗമിനുട്സുകൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതാണ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണസമിതിയോഗങ്ങൾ ഓൺലൈൻ ആക്കുന്നതിനായി ഐ.കെ.എം. വികസിപ്പിച്ച സകർമ്മ ആപ്ലിക്കേഷൻ സ.ഉ(സാധാ.) 3630/2015/തസ്വഭവ തീയതി 3.12.2015 ഉത്തരവിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്ഥാപനങ്ങളിൽ വിന്യസിച്ചിരുന്നു. എന്നാൽ സകർമ്മ ആപ്ലിക്കേഷൻ മുഖേനയുള്ള ഭരണസമിതിയോഗങ്ങളുടെ നടപടിക്രമങ്ങൾ പരിശോധിച്ചതിൽ മിനുട്സ് പൂർത്തീകരിക്കുന്നതിൽ 1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം ചട്ടങ്ങളിലെ) ചട്ടം 26 പ്രകാരമുള്ള സമയപരിധി പാലിക്കുന്നില്ല എന്ന് വ്യക്തമായി. ചട്ടം 26(8) പ്രകാരം യോഗം കഴിഞ്ഞ് മൂന്നുദിവസത്തിനകം സെക്രട്ടറി മിനുട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ മിനുട്സ് തയ്യാറാക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നുണ്ട്. മിനുട്സ് തയ്യാറാക്കി അയച്ച ദിവസം തന്നെ പ്രസിഡന്റ് അംഗീകരിച്ചിട്ടുണ്ട്.

A)മിനുട്സ് തയ്യാറാക്കുന്നതിലെ കാലതാമസത്തിന് ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| യോഗം ചേർന്ന തീയതി | സെക്രട്ടറി മിനുട്സ് തയ്യാറാക്കി അംഗീകാരത്തിനായി അയച്ച തീയതി |
|---|---|
| 8/1/2024 | 26/2/2024 |
| 23/1/2024 | 7/3/2024 |
| 5/2/2024 | 23/2/2024 |
| 8/2/2024 | 16/2/2024 |
| 12/2/2024 | 12/3/2024 |
| 28/2/2024 | 16/4/2024 |
| 12/3/2024 | 9/5/2024 |
| 22/4/2024 | 22/5/2024 |
| 14/5/2024 | 13/6/2024 |
| 25/5/2024 | 4/7/2024 |
| 14/6/2024 | 1/8/2024 |
| 24/6/2024 | 12/8/2024 |
| 9/7/2024 | 27/8/2024 |
| 13/8/2024 | 30/8/2024 |

B)താഴെ പറയുന്ന യോഗങ്ങളുടെ മിനുട്സ് നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.

| | | | |
|---|---|---|---|
| 1 | 31/07/24 | ഭരണസമിതി യോഗം | സാധാരണ യോഗം |
| 2 | 31/08/24 | ഭരണസമിതി യോഗം | സാധാരണ യോഗം |

C)സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ആകെ നടത്തിയ 41 യോഗങ്ങളിൽ 7 എണ്ണത്തിന്റെ മിനുട്സുകൾ നാളിതുവരെയും പൂർത്തിയാക്കിയിട്ടില്ല. (വികസനകാര്യം- 4, ക്ഷേമകാര്യം-1, ധനകാര്യം-2)

(D) 3 എണ്ണത്തിന്റെ മിനുട്സ് എൻട്രി നാളിതുവരെ തുടങ്ങിയിട്ടില്ല.

ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ യോഗമിനുട്സ് തയ്യാറാക്കി അംഗീകാരം വാങ്ങാതിരുന്നതിനുള്ള കാരണം അറിയിക്കാനാവശ്യ പ്പെട്ടു നൽകിയ ഓഡിറ്റ് എൻകചയറി നം. 4/6-9-2024ന് പദ്ധതി നിർവഹണം, ചില സാങ്കേതിക കാരണങ്ങൾ, ലോക സഭാ ഇലക്ഷൻ, പഞ്ചായത്തിലെ മറ്റ് തിരക്കുകൾ എന്നിവ കാരണം മിനുട്സ് പൂർത്തീകരിക്കുന്നതിന് കാലതാമസം ഉണ്ടായി എന്നും ഓഡിറ്റ് എൻകചയറിയെ തുടർന്ന് എല്ലാ മിനുട്സുകളും പൂർത്തീകരിച്ചിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

യോഗമിനുട്സുകൾ ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ തയ്യാറാക്കി അംഗീകാരം ലഭ്യമാക്കി ക്ലോസ് ചെയ്യേണ്ടതാണ്.

## 1-16 അങ്കണവാടി കെട്ടിടം നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

| | |
|---|---|
| പ്രൊജക്ട് നം. | 83/24 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 300000/- |
| ചെലവ് | 300000/-(വികസനഫണ്ട് ജനറൽ)<br>ബിൽ നം.29/21.12.23 |

2023-24 സാമ്പത്തിക വർഷത്തിൽ സംയുക്തമായി ജില്ലാ/ബ്ലോക്ക്/ഗ്രാമ പഞ്ചായത്തുകൾ, എം.എൻ.ആർ.ഇ.ജി.എസ് മുഖേന ജില്ലയിൽ സ്വന്തമായി സ്ഥലമുള്ള പഞ്ചായത്തുകളിൽ അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുക എന്ന പദ്ധതിയുടെ ഭാഗമായി നെടുമ്പുര അങ്കണവാടി കെട്ടിടം നിർമ്മാണത്തിന് വിഹിതം നൽകൽ എന്ന പദ്ധതി പ്രകാരം വികസന ഫണ്ടിൽ നിന്നും വകയിരുത്തിയിട്ടുള്ള 300000/- രൂപ മിഷൻ ഡയറക്ടർ, മഹാത്മഗാന്ധി എൻ ആർ ഇ ജി എസ്, തിരുവനന്തപുരം അക്കൗണ്ട് നം.799011400000486 എന്ന അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്.

നെടുമ്പുര അങ്കണവാടി കെട്ടിടം നിർമ്മാണത്തിന്റെ നാളിതുവരെയുള്ള പുരോഗതിയുടെ വിവരങ്ങളും നിലവിലെ സ്ഥിതി സംബന്ധിച്ച വിവരവും അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം 11/09-09-24ന് നൽകിയ മറുപടിയിൽ മെറ്റീരിയൽ വർക്കിനുള്ള ടെൻഡർ നടപടികൾ സ്വീകരിക്കേണ്ടത് ബ്ലോക്ക് പ്രോഗ്രാം ഓഫീസർ ആകയാൽ മെറ്റീരിയൽ വർക്കിന്റെ വെണ്ടറിനെ നൽകുന്ന മുറക്ക് കെട്ടിടനിർമ്മാണം തുടങ്ങും എന്നറിയിച്ചു.തുടർനടപടികൾ അറിയിക്കേണ്ടതാണ്.

## 1-17 എസ്.എസ്.എ വിഹിതം നൽകൽ പദ്ധതി -തുക ചെലവഴിച്ചതിന് ധനവിനിയോഗ വിവരം ലഭ്യമല്ല

| | |
|---|---|
| പ്രോജക്ട് . | 102/24 – എസ്.എസ്.എ വിഹിതം നൽകൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 300000/- |
| ചെലവ് | 300000/-(വികസനഫണ്ട്- പൊതുവിഭാഗം സാധാരണ |

| | |
|---|---|
| | വിഹിതം)<br>ട്രഷറി ബിൽ നം. 22/8-12-23 |

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം **300000/-** രൂപ എസ്.എസ്.കെ ചിറ്റൂർ ബ്ളോക്ക് പ്രൊജക്ട് ഓഫീസറുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്.എന്നാൽ ധനവിനിയോഗ വിവരം ലഭ്യമാക്കി ഹാജരാക്കിയില്ല.ആയതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(10/9-9-24)ധനവിനിയോഗ സാക്ഷ്യപത്രം ആവശ്യപ്പെട്ട് (7/6/24)കത്ത് നൽകിട്ടും നാളിതുവരെയായിട്ടും ലഭ്യമാക്കിയിട്ടില്ലെന്നും,ലഭ്യമാകുന്ന മുറയ്ക്ക് സമർപ്പിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. വിനിയോഗ വിവരം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## <u>1-18 എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമാണം</u>

| | | |
|---|---|---|
| പ്രൊജക്ട് നം., പേര് | 153/24, എസ് സി വിദ്യാർത്ഥികളുടെ പഠനമുറി ധനസഹായം നൽകൽ (സ്പിൽ ഓവർ) | 73/24, എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി ധനസഹായം നൽകൽ |
| അടങ്കൽ | 325000/- രൂപ (വികസന ഫണ്ട് -എസ് സി പി) | 10,00,000രൂപ (വികസന ഫണ്ട് -എസ് സി പി) |
| ചെലവ് | 325000/- രൂപ<br>1. സാം. ഓർഡർ -205/5.1.24 – 75000<br>2. സാം. ഓർഡർ -202/4.1.24 – 25000<br>3. സാം. ഓർഡർ -289/16.3.24 – 50000<br>4.സാം. ഓർഡർ -20/31.5.24 – 100000<br>5.സാം. ഓർഡർ -143/21.11.23– 75000 | 150000 രൂപ<br>1. സാം. ഓർഡർ -338/24.3.24 - 150000 |
| നിർവഹണ ഉദ്യോഗസ്ഥൻ | വി ഇ ഒ | വി ഇ ഒ |
| ധനസഹായം നൽകിയത് | 3 ഗുണഭോക്താക്കൾക്ക് | 2 ഗുണഭോക്താക്കൾക്ക് |

സ.ഉ(കൈ)നം.115/2022/ത.സ്വ.ഭ.വ തീയതി 28.05.2022 യിലെ ഖണ്ഡിക 7.2.13 പ്രകാരം എസ് സി വിദ്യാർത്ഥികൾക്ക് 800 ചതുരശ്ര അടിയിലധികരിക്കാത്ത നിലവിലുള്ള വീടിനോടു ചേർന്ന് പരാമാവധി 120 ചതുരശ്ര അടി വിസ്തീർണ്ണമുള്ള പഠനമുറി നിർമ്മിക്കാൻ ധനസഹായമായി 2 ലക്ഷം രൂപ നൽകാവുന്നതാണ്. മേൽ രണ്ട് പദ്ധതികൾ പ്രകാരം എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിനാവശ്യമായ വിവിധ ഗഡു ധനസഹായം നൽകിയിട്ടുണ്ട്. പ്രോജക്ട് ഫയൽ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ വിവിധ ഗഡു ധനസഹായം നൽകിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിത് വരെയും പഠനമുറി നിർമ്മാണം പൂർത്തീകരിച്ച് അവസാന ഗഡു ധനസഹായം കൈപറ്റിയിട്ടില്ല എന്ന കണ്ടെത്തി.

| ക്രമ നം. | ഗുണഭോക്താവ് | അനവദിച്ച ധനസഹായം |
|---|---|---|
| 1 | രവി S/O ഉണ്ണികൃഷ്ണൻ | 25.1.23 –50000<br>17.11.23 – 75000<br>13.3.24 – 50000<br>ആകെ - 175000 രൂപ |
| 2 | ജിഷ D/0 ജാനകി | 29.12.23 – 50000 |

| | | |
|---|---|---|
| | | 14.2.23 – 75000<br>31.5.23 – 50000<br>ആകെ - 175000 രൂപ |
| 3. | മിനി D/O പത്മാവതി | 29.12.22 – 50000<br>14.2.23 – 75000<br>15.3.23 – 50000<br>ആകെ - 175000 രൂപ |
| 4. | നിവേദ കെ D/O കണ്ണൻ | 24.3.24 – 75000 |
| 5. | ആകാശ് S/O രാജൻ കെ | 24.3.24 – 75000 |

മേൽ ഗുണഭോക്താക്കളുടെ പഠനമുറി നിർമ്മാണം സംബന്ധിച്ച നിലവിലെ സ്ഥിതിവിരം അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/10.9.2024)ഗുണഭോക്താക്കൾ കൃത്യമായി പണി പൂർത്തീകരിച്ച് വരുന്നുണ്ടെന്നും ഫണ്ടിന്റെ അപര്യാപ്തത മൂലമാണ് പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയാതെ വരുന്നത് എന്നാണ് മറുപടി നൽകിയിട്ടുള്ളത്.തുടർ നടപടിവിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## <u>1-19 ടോയ്‌ലറ്റ് റിട്രോഫിക്കേഷൻ- ഗുണഭോക്താക്കൾ ഭാഗികമായി തുക കൈപറ്റി പണി പൂർത്തിയാക്കിയിട്ടില്ല</u>

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| പ്രോജക്റ്റ് നം. | 146/24 ടോയ്‌ലറ്റ് റിട്രോഫിക്കേഷൻ |
| അടങ്കൽ,ചെലവ് | അടങ്കൽ- 889360 (CFC 887200 ,തനത് ഫണ്ട് 2160)<br>ചെലവ് - 275920 CFC |

2022-23 സാമ്പത്തിക വർഷത്തിലെ 16/23 നമ്പർ പ്രോജക്റ്റിന്റെ സ്പിൽ ഓവർ പ്രോജക്റ്റ് ആക്കി നിർവഹണം നടത്തിയ മേൽ പ്രോജക്റ്റ് പ്രകാരം ടോയ്‌ലറ്റ് അറ്റകുറ്റപണികൾക്കായി ആറ് ഗുണഭോക്താക്കൾക്ക് ഒന്നാം ഗഡു 5000 രൂപ വീതവും 58 ഗുണഭോക്താക്കൾക്ക് രണ്ടാം ഗഡു 4240 രൂപ വീതവും നൽകിയിട്ടുണ്ട്( യൂണിറ്റ് കോസ്റ്റ് -9240 രൂപ).

എന്നാൽ 2022-23 സാമ്പത്തിക വർഷത്തിൽ ടോയ്‌ലറ്റ് അറ്റകുറ്റപ്പണികൾക്കായി ഒന്നാം ഗഡു 5000 രൂപ കൈപ്പറ്റിയ വളരെയധികം ഗുണഭോക്താക്കൾ നാളിത്വരെയും ടോയ്‌ലറ്റ് അറ്റകുറ്റപ്പണി പൂർത്തീകരിച്ച് രണ്ടാം ഗഡു തുക കൈപ്പറ്റിയിട്ടില്ല എന്ന് കണ്ടെത്തി.ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവ് | വാർഡ് | ഒന്നാം ഗഡു 5000 രൂപ നൽകിയ തിയതി | പ്രോജക്റ്റ് |
|---|---|---|---|---|
| 1 | പാറു W/Oകുഞ്ഞാറു | 3 | 30.3.23 | 16/23 (2022-23) |
| 2 | പാറു W/Oസുബ്രഹ്മണ്യൻ | 6 | 24.2.23 | 16/23 (2022-23) |
| 3 | ചന്ദ്രിക W/O കലി | 6 | 24.2.23 | 16/23 (2022-23) |
| 4 | വേലായുധൻ S/O കണ്ടൻ | 6 | 24.2.23 | 16/23 (2022-23) |
| 5 | ജമീല W/Oമുഹമ്മദ് കാസിം | 6 | 24.2.23 | 16/23 (2022-23) |

| | | | | |
|---|---|---|---|---|
| 6 | മോഹനൻ S/O കുഞ്ചു | 4 | 9.3.23 | 16/23 (2022-23) |
| 7 | മുകുന്ദൻ S/O ഗുരുസ്വാമി | 4 | 9.3.23 | 16/23 (2022-23) |
| 8 | പൊന്നു W/O മണി | 4 | 9.3.23 | 16/23 (2022-23) |
| 9 | അന്നമ്മ W/O വീരൻ | 4 | 9.3.23 | 16/23 (2022-23) |
| 10 | രാജേഷ് കൊമ്പുരുത്തികളം | 8 | 18.3.23 | 16/23 (2022-23) |
| 11 | ജാനു W/O സുബ്രമണ്യൻ | - | - | 16/23 (2022-23) |
| 12 | സജിത W/O സുരേഷ് | 5 | 18.3.23 | 16/23 (2022-23) |
| 13 | ജയ W/O മനോജ് | 5 | 18.3.23 | 16/23 (2022-23) |
| 14 | പ്രീതിക W/O ചന്ദ്രൻ | 5 | 18.3.23 | 16/23 (2022-23) |
| 15 | ശാരദ W/O വിജയകുമാർ | 12 | 18.3.23 | 16/23 (2022-23) |
| 16 | കമലാക്ഷി W/O തിദൻ | 12 | 18.3.23 | 16/23 (2022-23) |
| 17 | നാരായണദാസ് S/O വേലുക്കുട്ടി | 13 | 18.3.23 | 16/23 (2022-23) |
| 18 | മോഹിനി പള്ളത്ത് | 1 | 25.3.23 | 16/23 (2022-23) |
| 19 | മരുതൻ S/O മന്നൽ | 1 | 18.3.23 | 16/23 (2022-23) |
| 20 | വിജിത സുനിൽകുമാർ | 1 | 25.3.23 | 16/23 (2022-23) |
| 21 | ഗംഗാധരൻ S/O ചാമി | 1 | 18.3.23 | 16/23 (2022-23) |
| 22 | പ്രേമ സുദേവൻ | 7 | 25.3.23 | 16/23 (2022-23) |
| 23 | ലക്ഷ്മി ലക്ഷ്മണൻ | 1 | 25.3.23 | 16/23 (2022-23) |
| 24 | പ്രേമ ബാബു | 13 | 25.3.23 | 16/23 (2022-23) |
| 25 | രുമ്മിണി മുനിയപ്പൻ | 9 | 25.3.23 | 16/23 (2022-23) |
| 26 | കാഞ്ചന W/O അനന്ത കൃഷ്ണൻ | 13 | 25.3.23 | 16/23 (2022-23) |
| 27 | ഉമ്മുസൽമ | 13 | 25.3.23 | 16/23 (2022-23) |
| 28 | രാജൻs/O പറങ്ങോടൻ | 3 | 1.7.23 | 146/24 (2023-24) |
| 29 | കൃഷ്ണദാസ് S/O കുട്ടികൃഷ്ണൻ | 9 | 1.7.23 | 146/24 (2023-24) |
| 30 | ലക്ഷ്മണൻ S/O കുട്ടിച്ചാമി | 7 | 1.7.23 | 146/24 (2023-24) |
| 31 | തങ്കമണി W/O പരമേശ്വരൻ | 13 | 1.7.23 | 146/24 (2023-24) |
| 32 | കലാവതി D/O കിട്ടു | 13 | 1.7.23 | 146/24 (2023-24) |

ഒന്നാം ഗഡു കൈപ്പറ്റിയ മേൽ ചേർത്ത ഗുണഭോക്താക്കൾ ടോയ്‌ലറ്റ് പ്രവർത്തി പൂർത്തീകരിക്കാത്തതിനും ടോയ്‌ലറ്റ് പണി പൂർത്തീകരിപ്പിക്കുന്നതിന് സ്വീകരിച്ച

നടപടികളും അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.15/11.9.2024) ഗുണഭോക്താക്കളെ നേരിൽ കണ്ട് പണി പൂർത്തീകരിക്കാൻ ആവശ്യപ്പെട്ടിട്ടുള്ളതാണ് എന്നും 2024 ഡിസംബർ 30 ഓട് കൂടി പ്രോജക്ട് പൂർത്തീകരിക്കുന്നതാണ് എന്നും നിർവഹണോദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്.പണി പൂർത്തീകരിക്കുന്നതിനു സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-20 കക്കൂസ് നിർമ്മാണം പ്രോജക്ട്- സുലേഖ ചെലവ് പത്രികയിൽ ചെലവ് തെറ്റായി രേഖപ്പെടുത്തി

പ്രോജക്ട് നം.- 50/24

നിർവഹണോദ്യോഗസ്ഥൻ-വി ഇ ഒ

ഓഡിറ്റിന് ലഭ്യമാക്കിയ സുലേഖ ചെലവ് പത്രിക പ്രകാരം കക്കൂസ് നിർമ്മാണം പ്രോജക്ടിനായി ചുവടെ ചേർക്കുന്ന പ്രകാരം ആകെ 111200 രൂപ ചെലവ് ചെയ്തതായി ചേർത്തിട്ടുണ്ട്.

| ഫണ്ട് | CFC | ശുചിത്വ മിഷൻ ഗ്രാന്റ് | ആകെ |
|---|---|---|---|
| അടങ്കൽ | 238000 | 840000 | 1078000 |
| ചെലവ് | 27200 | 84000 | 111200 |

എന്നാൽ സി എഫ് സി ഫണ്ടിൽ നിന്നുള്ള ചെലവ് 27200 രൂപ മാത്രമാണ് യഥാർത്ഥത്തിൽ സാമ്പത്തിക വർഷത്തിൽ ചെലവ് ചെയ്തിട്ടുള്ളത് എന്ന് ഇത് സംബന്ധിച്ച ഫയൽ പരിശോധനയിൽ ബോധ്യപ്പെട്ടു .സാമ്പത്തിക വർഷത്തിൽ പണി പൂർത്തിയാക്കിയ 8 ഗുണഭോക്താക്കൾക്ക് 3400 രൂപ വീതം നൽകുകയാണ് ചെയ്തത്( ബിൽ നം./സാംക്ഷൻ ഓർഡർ 381/30.3.2024 – 27200). സുലേഖ ചെലവ് പത്രികയിൽ ശുചിത്വ മിഷൻ ഗ്രാന്റ് 84000 രൂപ ചെലവഴിച്ചതായി തെറ്റായി ചേർത്തിരിക്കുകയാണ്.

സി എഫ് സി ഫണ്ടിൽ നിന്നും ഗുണഭോക്താക്കൾക്ക് 3400 രൂപ വീതം സാമ്പത്തിക വർഷത്തിൽ നൽകിയിട്ടുണ്ടെങ്കിലും ഗുണഭോക്താക്കൾ തുക കൈപ്പറ്റിയതായി രജിസ്റ്ററിൽ ഒപ്പുവെക്കുകയും ചെയ്തിട്ടില്ല.ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.18/18.9.2024) PFMS ഓൺലൈൻ സൈറ്റിലെ സാങ്കേതിക തകരാറു മൂലം ബില്ല് ജനറേറ്റ് ചെയ്യാൻ സാധിക്കാത്തതിനാൽ സാമ്പത്തിക വർഷത്തിൽ ശുചിത്വമിഷൻ ഗ്രാന്റ് 84,000 രൂപ ചെലവഴിച്ചിട്ടില്ല എന്നാണ് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുള്ളത്. സുലേഖ ചെലവ് പത്രികയിൽ ചെലവ് തെറ്റായി ചേർത്തതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇത്തരത്തിലുള്ള അപാകതകൾ സംഭവിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-21 ലൈഫ് ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

വി.ഇ.ഒ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കി വരുന്ന വിവിധ വർഷങ്ങളിലെ ലൈഫ് ഭവന നിർമ്മാണ പദ്ധതികളിൽ ഉൾപ്പെട്ട താഴെപ്പറയുന്ന ഗുണഭോക്താക്കൾ മുൻവർഷങ്ങളിൽ ഭവനനിർമ്മാണം ആരംഭിച്ചതാണെങ്കിലും നാളിതുവരെയായിട്ടും ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല എന്ന് ഭവനനിർമ്മാണം സംബന്ധിച്ച രജിസ്റ്റർ പരിശോധനയിൽ കണ്ടെത്തി. ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ലൈഫ് ഭവനനിർമ്മാണം യൂണിറ്റ്കോസ്റ്റ്- 4 ലക്ഷം രൂപ

| ക്രമ നം. | ഗുണഭോക്താവ് | വാർഡ് | ആകെ നൽകിയ | അവസാന ഗഡു/തിയതി |
|---|---|---|---|---|

| | | | തുക | |
|---|---|---|---|---|
| 1 | ചിന്നപ്പയ്യൻ | 13 | 300000 | 20.6.23 - 100000 |
| 2 | പാർവതി | 1 | 300000 | 1.7.23 - 100000 |
| 3 | ലക്ഷ്മിചന്ദ്രൻ | 1 | 300000 | 14.6.23 - 100000 |
| 4 | പാറു | 9 | 140000 | 18.12.23 – 100000 |
| 5 | വേലായുധൻ കോമ്പി | 1 | 360000 | 9.7.24 – 60000 |
| 6 | കണ്ടൻ | 1 | 300000 | 14.6.23 – 100000 |
| 7 | ചാമി കണ്ടൻ | 1 | 300000 | 20.6.23 – 100000 |
| 8 | ദൈവാന | 1 | 300000 | 20.6.23 – 100000 |
| 9 | പാർത്തനുണ്ണി | 1 | 300000 | 14.6.23 – 100000 |
| 10 | നാരായണൻകുട്ടി | 1 | 300000 | 22.5.23 – 100000 |
| 11 | തങ്ക | 13 | 300000 | 14.6.23 – 100000 |
| 12 | പാറു ചാമി | 1 | 380000 | 15.3.24 – 100000 |
| 13 | പൊന്നു | 7 | 300000 | 1.7.23 – 100000 |

ഭവന നിർമാണത്തിനായി പണം കൈപറ്റിയ ഗുണഭോക്താക്കൾ നാളിത് വരെയും ഭവനനിർമാണം പൂർത്തീകരിക്കാത്തത് സംബന്ധിച്ചും ഭവനനിർമ്മാണം പൂർത്തികരിപ്പിക്കാൻ സ്വീകരിച്ച നടപടികൾ സംബന്ധിച്ചു മറുപടി/വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.17/18.9.24) നിലവിൽ ഫണ്ട് ലഭ്യമാവാത്ത സാഹചര്യത്തിലാണ് പണി പൂർത്തീകരിക്കാൻ കഴിയാതെ പോകുന്നത് എന്നും HUDCOലോണിന് വേണ്ടി റികിസിഷൻ നടത്തിയിട്ടുണ്ട് ആയത് ലഭ്യമാകുന്ന മുറക്ക് ഗുണഭോക്താക്കൾക്ക് അടുത്ത ഗഡു നൽകി പണി പൂർത്തീകരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.തുടർനടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-22 മരാമത്ത് പ്രവൃത്തികൾ -അവലോകനം

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധതികളിൽ 56 പ്രവൃത്തികൾക്ക് അംഗീകാരം ലഭ്യമാക്കിയെങ്കിലും 34 പ്രവൃത്തികളാണ് തൻവർഷം നടപ്പിലാക്കിയത്. ₹22589955 വകയിരുത്തിയതിൽ ₹8657124 ആണ് ചെലവഴിച്ചിട്ടുള്ളത്. 38.32% ആണ് തൻവർഷത്തെ ആകെ ചെലവ്. ചെലവ് ശതമാനം കുറഞ്ഞതിന് കാരണം വിശദമാക്കേണ്ടതാണ്.

മേൽ പ്രവൃത്തികളുടെ ഫയലുകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും റോഡിതര മെയിന്റനൻസ് ഫണ്ട് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിന് മുൻഗണന നൽകി വിനിയോഗിക്കുന്നതിനുള്ള പ്രൊജക്റ്റുകൾ തയ്യാറാക്കണമെന്നും പതിനാലാം പദ്ധതി മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

2. താഴെ പറയുന്ന സ്പിൽ ഓവർ പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.

. പ്രൊജക്റ്റ് നം. 140/24- കണ്യാർകുളമ്പ് പാലം നിർമ്മാണം

. പ്രൊജക്റ്റ് നം. 104/24-വലിയകാട് സൈഡ് പ്രൊട്ടക്ഷൻ
. പ്രൊജക്റ്റ് നം. 132/24-മുരുകനോട് മോഹനൻ കട മുതൽ മുരുകൻ വീട് വരെ റോഡ് സൈഡ് പ്രൊട്ടക്ഷൻ ഇറിഗേഷൻ കനാലിന് സമീപം
. പ്രൊജക്റ്റ് നം. 114/24-കണ്ടൻകാട്-വലിയ കാട് റോഡ് റീടാറിംഗ് (വിക്ടോറിയാ വിലാസിനു മുൻവശം)
. പ്രൊജക്റ്റ് നം. 136/24-പൊതുകുളം-മാഹാളികുളം നവീകരണം
. പ്രൊജക്റ്റ് നം. 122/24-മുരുകനോട് മോഹനൻ കട മുതൽ മുരുകൻ വീട് വരെ റോഡ് സൈഡ് സംരക്ഷണം-കരാറുകാർക്ക് ടെണ്ടർ അധികരിച്ച തുക നൽകൽ-2022-23
. പ്രൊജക്റ്റ് നം. 119/24-കളിമുട്ടം വിശ്വപുരം റോഡിന് എതിർവശത്തുള്ള റോഡ് അഭിവൃദ്ധിപ്പെടുത്തൽ
. പ്രൊജക്റ്റ് നം. 125/24-വിശ്വപുരം പുറയൻകാട് ഇടവഴി സൈഡ് സംരക്ഷണം
. പ്രൊജക്റ്റ് നം. 133/24-അണപ്പാടം ഗാന്ധിനഗർ റോഡ് സൈഡ് സംരക്ഷണം
. പ്രൊജക്റ്റ് നം. 116/24-പുളിയംപറമ്പ് റോഡ് ഇടവഴി കോൺക്രീറ്റ്
. പ്രൊജക്റ്റ് നം. 123/24-ചൂരിക്കാട് ഇടവഴി റോഡ് പുനരുദ്ധാരണം
. പ്രൊജക്റ്റ് നം. 118/24-അയ്യംപുഴ റോഡ് പുനരുദ്ധാരണം
. പ്രൊജക്റ്റ് നം. 106/24-അമ്പലക്കാട് ഇറിഗേഷൻ റോഡ് കോൺക്രീറ്റ്
. പ്രൊജക്റ്റ് നം. 120/24-വേലായുധൻ വീട് മുതൽ വലിയകാട് വരെ റോഡ് പുനരുദ്ധാരണം

3. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

അപാകതകൾ സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറി നം. 13/11-9-2024ന് മറുപടി ലഭ്യമാക്കിയില്ല. മറുപടി ലഭ്യമാക്കേണ്ടതും തുടർ വർഷങ്ങളിൽ മരാമത്ത് പ്രവൃത്തികളുടെ സമയ ബന്ധിതമായ പൂർത്തീകരണം ഉറപ്പാക്കേണ്ടതും കാര്യക്ഷമമായി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-23 ടെണ്ടർ ഫോം വില തനതു ഫണ്ടിലേക്ക് മാറ്റാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിൽ (SBI, തത്തമംഗലം A/C. No. 37334744017) 5-9-2024 വരെ ₹77539/- ബാലൻസ് ഉണ്ട്. ടെണ്ടർ ഫോം വില ഇനത്തിലെ തുകകളും CFC ഫണ്ടിനത്തിലെ ചെലവു തുകകളും ഈ അക്കൌണ്ടിലാണ് നിക്ഷേപിക്കുന്നത്. ടെണ്ടർ ഫോം വില തുകകളുടെ വിവരവും തുകകൾ ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റാൻ നടപടികൾ സ്വീകരിച്ചതിന്റെ വിവരവും ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം. 13/11-9-2024ന് മറുപടി ലഭ്യമാക്കിയില്ല. ടെണ്ടർ ഫോം വില ഇനത്തിൽ ലഭ്യമായ തുകകൾ ഗ്രാമപഞ്ചായത്തിന്റ തനത് ഫണ്ട് അക്കൌണ്ടിലേക്ക് മാറ്റി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-24 ടേക്ക് എ ബ്രേക്ക് കേന്ദ്രം - പ്രവർത്തനക്ഷമമാക്കേണ്ടതാണ്

പ്രൊജക്റ്റ് നം. 109/24- ടേക്ക് എ ബ്രേക്ക് കേന്ദ്രത്തിൽ അധിക സൌകര്യം ഒരുക്കൽ

നിർവഹണ ഉദ്യോഗസ്ഥൻ -അസിസ്റ്റന്റ് എഞ്ചിനീയർ

അടങ്കൽ - ₹265680 -വികസന ഫണ്ട് (ജനറൽ)

ചെലവ് -₹265370 (ട്രഷറി ബിൽ നം. 1/21-6-2023)

കരാറുകാരൻ -ശ്രീ.വി.രാജേഷ്

എഗ്രിമെന്റ് നം. -57/15-2-2022

വാർഡ് 2-ൽ നിർമ്മിച്ചിട്ടുള്ള ടേക്ക് എ ബ്രേക്ക് കേന്ദ്രത്തിൽ അധിക സൌകര്യം ഒരുക്കുന്നതിനുവേണ്ടി 37മീറ്റർ ചുറ്റുമതിൽ നിർമ്മിക്കുന്നതിനും 27.55m2 ഇന്റർ ലോക്ക് വിരിക്കുന്നതിനുമാണ് എസ്റ്റിമേറ്റ് പ്രകാരം തുക വകയിരുത്തിയിരിക്കുന്നത്. കെട്ടിടത്തിൽ മോടി പിടിപ്പിക്കുന്നതിനായി Aluminium Composite Panel Cladding പ്രവൃത്തി ആവശ്യമായി വരുന്നതിനാൽ അടങ്കൽ തുകയിൽ മാറ്റം വരാതെ 17-3-2023ലെ 1(2)-ാം നം. തീരുമാനം പ്രകാരം എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുണ്ട്. 12-9-2022ന് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

സ.ഉ(കൈ)നം.39/2020/ത.സ്വ.ഭ.വ.,തിയതി, 20-2-2020, .സ.ഉ(കൈ)നം.45/2020/ത.സ്വ.ഭ.വ., തിയതി, 6-3-2020 എന്നിവ പ്രകാരം 'പൊതു ടോയ്‌ലറ്റുകളും വിശ്രമ കേന്ദ്രങ്ങളും 'പദ്ധതിയിലുൾപ്പെടുത്തി പൊതു ശുചിമുറികളുടെ നിർമ്മാണവും നവീകരണവും സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. വൃത്തിയും ശുചിത്വവും സുരക്ഷിതത്വവുമുള്ള പൊതു ശുചി മുറികളും 'ടേക്ക് എ ബ്രേക്ക് 'വിശ്രമകേന്ദ്രങ്ങളും പ്രത്യേകിച്ച് സ്ത്രീകൾക്കും യാത്രക്കാർക്കും ഉപയോഗിക്കാൻ സാധിക്കുന്ന തരത്തിൽ ദേശീയ-സംസ്ഥാന പാതയോരങ്ങളിലും, പാതയോരങ്ങളിൽ സ്ഥിതി ചെയ്യുന്ന സർക്കാർ/പൊതു മേഖലാ സ്ഥാപനങ്ങളുടെ പരിസരങ്ങൾ, തദ്ദേശ സ്ഥാപനങ്ങളുടെ ഓഫീസ് പരിസരം, വാണിജ്യ കേന്ദ്രങ്ങൾ/ബസ് സ്റ്റാന്റ്/ബസ് സ്റ്റോപ്പ് പരിസരങ്ങൾ എന്നിവിടങ്ങളിലായി നിർമ്മിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

സ.ഉ.(സാധാ) നം.1401/2020/തസ്വഭവ, തിയതി, 27-7-2020 പ്രകാരം 2020-21 വാർഷിക പദ്ധതിയിൽ പ്രത്യേക പരിഗണന നൽകേണ്ട പന്ത്രണ്ടിന പരിപാടിയിലുൾപ്പടുത്തി മേൽ പദ്ധതി നടത്തിപ്പിന് അധിക മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും പരിധിയിലുള്ള കുടുബശ്രീ മിഷൻ (സംരംഭ) യൂണിറ്റുകൾക്കാണ് നടത്തിപ്പ്/പരിപാലന ചുമതല നൽകേണ്ടത്. അതുപ്രകാരം ഗ്രാമപഞ്ചായത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കേണ്ടതാണ്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കുടുംബശ്രീ സംരംഭക ഗ്രൂപ്പുകളും തമ്മിൽ ശുചി മുറികളുടെ നടത്തിപ്പ്/പരിപാലനത്തിന് കരാറിൽ ഏർപ്പെടേണ്ടതാണ്.

പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം. 16/11-9-2024ന് മറുപടി ലഭ്യമാക്കിയിട്ടില്ല. 18-9-2024ന് നടത്തിയ സ്ഥല പരിശോധനയിൽ ടേക്ക് എ ബ്രേക്ക് കേന്ദ്രം നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കെട്ടിടത്തിൽ 1 റൂമും 2 ടോയ്‌ലറ്റും ആണ് നിർമ്മിച്ചിരിക്കുന്നത്.






**ടേക്ക് എ ബ്രേക്ക് കെട്ടിടം**

ടേക്ക് എ ബ്രേക്ക് പ്രവർത്തനസജ്ജമാക്കേണ്ടതും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും പരിധിയിലുള്ള കുടുബശ്രീ മിഷൻ (സംരംഭ) യൂണിറ്റുകൾക്കാണ് നടത്തിപ്പ്/പരിപാലന ചുമതല നൽകേണ്ടതുമാണ്.

സ.ഉ.(സാധാ) നം.1401/2020/തസ്വഭവ, തിയതി, 27-7-2020 പ്രകാരമുള്ള നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കി തുടർ നടപടി വിവരങ്ങൾ രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-25 പൊൽപ്പുളളി പിഎച്ച്സി സബ്സെന്ററർ നിർമ്മാണം-പ്രവൃത്തി പൂർത്തീകരി ക്കേണ്ടതാണ്

കെട്ടിടങ്ങളില്ലാത്ത സബ്സെന്ററുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ₹2805500/- (കനറാ ബാങ്ക് A/C No.10042346172) ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി പ്രൊജക്റ്റ് നം. 167/24- പൊൽപ്പുള്ളി പിഎച്ച്സി സബ്സെന്ററർ നിർമ്മാണം അടങ്കൽ-₹2775000/- എന്ന പ്രവൃത്തിക്ക് അംഗീകാരം ലഭിച്ചുവെങ്കിലും നടപ്പിലാക്കിയിട്ടില്ല. പ്രവൃത്തി നടപ്പിലാക്കാത്തതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറി നം. 13/11-9-2024ന് മറുപടി ലഭ്യമാക്കിയില്ല. 18-9-2024ന് ഓഡിറ്റ് ടീം നടത്തിയ സ്ഥല പരിശോധനയിൽ പ്രവൃത്തി പ്രാരംഭ ഘട്ടത്തിലാണെന്ന് കണ്ടു.



**സബ്സെന്ററർ നിർമ്മാണം**

കെട്ടിടം നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനക്ഷമമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-26 എഗ്രിമെന്റ് ചമയ്ക്കുവാൻ വൈകിയതിന് പിഴ ഈടാക്കിയില്ല

കേരള പൊതുമരാമത്ത് മാന്വലിലെ വകുപ്പ് 2009.6 പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും 14 ദിവസം മുതൽ 10 ദിവസത്തിനകം കരാറുടമ്പടി വെച്ചില്ലെങ്കിൽ കരാർ തുകയുടെ 1% പിഴ ഈടാക്കേണ്ടതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിൽ കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽകൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തികളുടെ കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയതിന് കേരള പൊതുമരാമത്ത് മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ലെന്ന് കണ്ടെത്തി.

| ക്രമനം. | പ്രവൃത്തിയുടെ വിവരം | സെലക്ഷൻ നോട്ടീസ് തിയതി | പിഴ കൂടാതെ എഗ്രിമെന്റ് വെക്കേണ്ട അവസാന തിയതി | എഗ്രിമെന്റ് വെച്ച തിയതി, നം. | ഈടാക്കേണ്ടിയിരുന്ന പിഴ (1%) |
|---|---|---|---|---|---|
| 1 | 130/24- പൊൽപുള്ളിത്തറ ശിവക്ഷേത്രം റോഡ് ഇന്റർലോക്ക് പാകൽ<br>അടങ്കൽ - 320000-MG(R)<br>APAC- 295010<br>കരാറുകാരൻ - ശ്രീ.ദേവദാസ്.കെ.<br>എഗ്രിമെന്റ് നം.: 36/23-2-2023<br>Letter Of Acceptance : 23-1-2023 | 23-1-2023 | 7-2-2023 | 23-2-2023 | 2950 |
| ആകെ ഈടാക്കേണ്ട പിഴ | | | | | 2950 |

അപാകതകൾ സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറി നം. 14/11-9-2024ന് മറുപടി ലഭ്യമാക്കിയില്ല.

പിഴ ₹2950/- ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-27 പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല

2012 ലെ കേരള PWD മാന്വലിലെ സെക്ഷൻ 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് അതുവരെ രണ്ട് തവണകളായി പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതല്ല. ഖണ്ഡിക 2112.1 ൽ കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 1% തുകയും (കുറഞ്ഞത് 1000 രൂപ, കൂടിയത് 50000 രൂപ) ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% തുകയും (കുറഞ്ഞത് 2000 രൂപ, കൂടിയത് 100000 രൂപ) പിഴയായി ഈടാക്കേണ്ടതാണ്.

കരാർ കാലാവധി തീരുന്നതിനു മുമ്പ്, കരാറുകാരൻ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ നൽകേണ്ടതാണ്. താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാർക്ക് പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ പിഴ ഈടാക്കിയിട്ടില്ല/ ചില പ്രവൃത്തികളിൽ ഈടാക്കിയത് കുറവായിട്ടാണ്.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്ന തിയതി | പൂർത്തീകരിച്ച തിയതി | ഈടാക്കിയ പിഴ | ണ്ടിയിരുന്നത് | കുറവ് |
|---|---|---|---|---|---|---|
| 1 | 141/24 -ചൂരിക്കാട് ഇടവഴി കോൺക്രീറ്റ്<br>അടങ്കൽ - 493000- വികസന ഫണ്ട് (എസ്സിപി)<br>PAC- 417151.77<br>കരാറുകാരൻ - ശ്രീ. ഉൻമേഷ്.പി<br>എഗ്രിമെന്റ് നം.:5/21-12-2022<br>സൈറ്റ് ഹാൻഡ് ഓവർ -28-12-2022<br>അളവു പുസ്തകം - 41702/2022<br>ചെലവ് - 492239<br>(ബിൽ നം.12/17-11-2023<br>പൂർത്തീകരണ കാലാവധി - 6 മാസം | 27-6-2023 | 5-8-2023 | --- | 4172 (1%) | 4172 |
| 2 | 137/24- നെല്ലിയംപാടം റോഡ് റീടാറിംഗ്<br>അടങ്കൽ - 329870 -MG(R)<br>PAC- 254136.78<br>കരാറുകാരൻ - ശ്രീ.രതീഷ്.എസ്.<br>എഗ്രിമെന്റ് നം.: 33/9-2-2023<br>സൈറ്റ് ഹാൻഡ് ഓവർ-19-2-2023<br>അളവു പുസ്തകം - 91500/2022<br>ചെലവ് - 299702<br>(ബിൽ നം. 15/24-11-2023)<br>പൂർത്തീകരണ കാലാവധി - 6 മാസം | 18-8-2023 | 4-10-2023 | --- | 2541 (1%) | 2541 |
| 3 | 139/24-താഴെ മലമുറി റോഡ് കൾവർട്ട് നിർമ്മാണം<br>അടങ്കൽ - 485000-CFC<br>PAC- 432505.46 | 9-8-2022 | 12-6-2023 | --- | 12975 (3%) | 12975 |

| | | | | | | |
|---|---|---|---|---|---|---|
| | കരാറുകാരൻ - ശ്രീ. അരുൺ.കെ.<br>എഗ്രിമെന്റ് നം.:51/10-2-2022<br>അളവു പുസ്തകം - 18/18-19<br>ചെലവ് - 484977 (സാങ്ഷൻ ഓർഡർ നം. 68/14-7-2023)<br>പൂർത്തീകരണ കാലാവധി - 6 മാസം | | | | | |
| | തോട്ടിൽ വെള്ളം വന്നതിനാൽ പണി തുടങ്ങാൻ സാധിച്ചില്ല എന്ന് കരാറുകാരൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. എഇ സമയം അനുവദിച്ചിട്ടില്ല. 2012 ലെ കേരള PWD മാന്വലിലെ സെക്ഷൻ 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് അതുവരെ രണ്ട് തവണകളായി പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതല്ല. 10-2-2022ന് എഗ്രിമെന്റ് വെച്ച പ്രവൃത്തി പൂർത്തീകരിച്ചിരിക്കുന്നത് 12-6-2023നാണ്. | | | | | |
| | ആകെ ഈടാക്കേണ്ട തുക | | | | | 19688 |

തുക കുറവായി ഈടാക്കിയത് സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറി നം. 14/11-9-2024ന് മറുപടി ലഭ്യമാക്കിയില്ല. തുക ₹19688 ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-28 ആയുഷ് ഹെൽത്ത് &വെൽനസ് സെന്റർ-പശ്ചാത്തല സൌകര്യം സജ്ജമാക്കൽ -പ്രവൃത്തി പൂർത്തിയാക്കേണ്ടതാണ്

159/24 -ആയുഷ് ഹെൽത്ത് &വെൽനസ് സെന്റർ-പശ്ചാത്തല സൌകര്യം സജ്ജമാക്കൽ

അടങ്കൽ -500000 – തനത് ഫണ്ട്

ചെലവ് - ₹290062 – സാങ്ഷൻ ഓർഡർ നം. 343/24-3-2024

കരാറുകാരൻ -അശോകൻ.വി.

APAC -423586

എഗ്രിമെന്റ് നം. 7/2-12-2023

എം.ബി. നം. -90563/2023

വാർഡ് 2ലെ ഹോമിയോ ഡിസ്പെൻസറിയിലെ ഓപ്പൺ ടെറസിനെ ട്രെസ് വർക്ക് ചെയ്ത് ചുമരും ഗ്രില്ലും സ്ഥാപിച്ച് യോഗ ഹാൾ നിർമ്മിക്കുകയും അനുബന്ധ സൌകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുന്നതിനാണ് എസ്റ്റിമേറ്റ് പ്രകാരം തുക വകയിരുത്തിയിരിക്കുന്നത്. 2-12-2023ന് എഗ്രിമെന്റ വെച്ച പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 6 മാസമാണ്. എന്നാൽ നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. 2023-24 വർഷം പാർട്ട് ബിൽ ആണ് നൽകിയിരിക്കുന്നത്. പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം. 14/11-9-2024ന് മറുപടി ലഭ്യമാക്കിയില്ല. പ്രവൃത്തി പൂർത്തീകരിച്ച്

അനുബന്ധ സൌകര്യങ്ങൾ ഏർപ്പെടുത്തി പ്രവർത്തനക്ഷമമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-29 ഹരിത കർമ്മസേന-പ്രവർത്തനം

പൊൽപ്പുള്ളി ഗ്രാമപഞ്ചായത്തിലെ ജൈവ, അജൈവ മാലിന്യ സംസ്ക്കരണ സംവിധാനങ്ങളുമായി ബന്ധപ്പെട്ട് 'ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ-മാലിന്യ സംസ്ക്കരണം ഹരിത കർമ്മസേനയിലൂടെ' എന്ന വിഷയം സംബന്ധിച്ച് ഹരിതകർമ്മസേനാംഗങ്ങൾ, ചാർജ് ഓഫീസറായ വി ഇ ഒ എന്നിവരിൽ നിന്നും ഹാജരാക്കിയ രേഖകളിൽ നിന്നും ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) അടിസ്ഥാന വിവരങ്ങൾ

പൊൽപ്പുള്ളി ഗ്രാമപഞ്ചായത്തിൽ 13 വാർഡുകളിലുമായി ഏകദേശം 16500 ജനങ്ങൾ താമസിച്ചുവരുന്നു. ഹരിതമിത്രം ആപ്ലിക്കേഷൻ പ്രകാരം 4532 ആൾതാമസമുള്ള വീടുകളും 200 കച്ചവടസ്ഥാപനങ്ങളുമാണ് നിലവിലുള്ളത്. ഓരോ വാർഡിലും 2പേർ വീതം(വാർഡ് 9 ൽ 3 പേർ) 13 വാർഡുകളിലുമായി 27 ഹരിതകർമ്മസേന അംഗങ്ങൾ ജോലി ചെയ്തുവരുന്നു. ഓരോ മാസവും ഹരിതകർമ്മസേനാംഗങ്ങൾ വീടുകളും സ്ഥാപനങ്ങളും സന്ദർശിക്കുന്നുണ്ടെങ്കിലും എല്ലാവരും എല്ലാ മാസവും യൂസർഫീസ് നൽകുന്നില്ല.

2) മാലിന്യ ശേഖരണ കാര്യക്ഷമത

വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും കലണ്ടർ തയ്യാറാക്കിയത് പ്രകാരമാണ് മാലിന്യ ശേഖരണം നടത്തുന്നത്. അജൈവ മാലിന്യങ്ങൾ മാത്രമാണ് ശേഖരിക്കുന്നത്. എല്ലാ വീടുകളെയും സ്ഥാപനങ്ങളെയും ഉൾപ്പെടുത്തുന്നതിനും പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുമായി ഹരിതമിത്രം ആപ്ലിക്കേഷൻ വഴി ക്യൂ ആർ കോഡ് പതിക്കുകയും മാസത്തിൽ ഒരു തവണ മാലിന്യം ശേഖരിക്കുകയും ചെയ്തു വരുന്നുണ്ട്. പഞ്ചായത്തിലെ ആൾതാമസമുള്ള എല്ലാ വീടുകളും തുറന്ന് പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ഹരിതമിത്രം ആപ്ലിക്കേഷനിൽ ഉൾപ്പെടുകയും അതുവഴി ഹരിതകർമ്മസേനയുടെ സേവനം ലഭ്യമാകുകയും ചെയ്യുന്നുണ്ട്.

3)മാലിന്യ വേർതിരിവ് പാലിക്കൽ

എല്ലാ വാർഡുകളിലെയും വീട്, കച്ചവട സ്ഥാപനങ്ങളിൽ നിന്നും മിനി എംസിഎഫുകളിൽ നിന്നും അജൈവ മാലിന്യം ശേഖരിക്കുകയും എം സി എഫിലെത്തിച്ച് മാലിന്യം തരംതിരിച്ച് മാലിന്യം കൊണ്ടുപോകുന്ന ക്ലീൻകേരള എന്ന കമ്പനിക്ക് നൽകുന്ന രീതിയാണ് നിലവിൽ സ്വീകരിച്ചു വരുന്നത്.ഉറവിടത്തിൽ തന്നെ 60 ശതമാനം മാലിന്യവും വേർതിരിക്കുന്നുണ്ട്.

4) റീസൈക്ളിംങ്ങ്

പുനരുപയോഗം സാധ്യമാകുന്ന വസ്തുക്കളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നുണ്ട്.

5)കമ്മ്യൂണിറ്റി എൻഗേജ്മെന്റ്

നോട്ടീസ് അടിച്ച് വിതരണം ചെയ്യുകയും ഗ്രാമസഭ വഴിയും അതത് വാർഡ് മെമ്പർമാരുടെ നേതൃത്വത്തിലും പൊതുജനങ്ങൾക്ക് ബോധവത്കരണ ക്ലാസുകൾ നടത്തുന്നുണ്ട്. മാലിന്യസംസ്കരണം സംബന്ധിച്ചും ഹരിതകർമ്മസേനയുടെ പ്രാധാന്യം മനസ്സിലാക്കുന്നതിനുമായി ഹരിതസഭകൾ നടത്തിയിട്ടുണ്ട്. എഡിഎസ്, സിഡിഎസ്, മേറ്റുമാരുടെ മീറ്റിംഗ് എന്നിവയിൽ ഹരിത കർമ്മ സേന പ്രവർത്തനങ്ങൾ ചർച്ച ചെയ്യാറുണ്ട്. തൊട്ട് കഴിഞ്ഞ മാസത്തെ യൂസർ ഫീസ് കളക്ഷൻ റിപ്പോർട്ട് ഗ്രാമസഭകളിൽ മുഴുവൻ വാർഡുകളിലും അവതരിപ്പിക്കുന്നുണ്ട്. വ്യാപാരി വ്യവസായികൾ എന്നിവരുടെ യോഗത്തിലും മാലിന്യ സംസ്കരണത്തെ കുറിച്ചും യൂസർ ഫീസ് നൽകുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ചും ബോധവൽക്കരണങ്ങൾ

നടത്തുന്നുണ്ട്. മാലിന്യമുക്ത നവ കേരളത്തിന്റെ ഭാഗമായി പഞ്ചായത്ത് തല ശില്പശാല 2024 ഓഗസ്റ്റ് മാസത്തിൽ നടത്തിയിട്ടുണ്ട്.

6) തൊഴിൽ സൃഷ്ടിക്കൽ

ഹരിതകർമ്മസേനാംഗങ്ങൾക്ക് നിലവിൽ പ്രതിമാസം 18 തൊഴിൽ ദിനങ്ങൾ കിട്ടുന്നുണ്ട്. ഹരിത കർമ്മസേനാംഗത്തിന് ഒരു മാസം ശരാശരി 6750 രൂപയാണ് ഇപ്രകാരം ലഭിക്കുന്നത്. വയബിലിറ്റി ഗ്യാപ് ഫണ്ട് നിലവിൽ അനുവദിക്കുന്നില്ല.

7) അടിസ്ഥാന സൌകര്യ വികസനം

ഗ്രാമപഞ്ചായത്തിൽ 7 ാം വാർഡിൽ നിലവിലെ എംസിഎഫ് സംവിധാനത്തിന് 1000 സ്ക്വയർഫീറ്റ് കൂടുതൽ വിസ്തൃതി ഉണ്ട്. അടിസ്ഥാന സൗകര്യങ്ങൾ ഉണ്ട്.ബെയിലിംഗ് മെഷീൻ ഉപയോഗിക്കുന്നുണ്ട്. വിവിധ വാർഡുകളിൽ 13 മിനി എംസിഎഫുകൾ ഉണ്ട്.മാലിന്യം കൊണ്ുവരുന്നതിനായി ഇലക്ട്രിക്ക് വാഹനം വാങ്ങിയത് ഉപയോഗിക്കുന്നുണ്ട്.കൊണ്ട് വന്ന മാലിന്യം പ്ലാസ്റ്റിക് ഗ്രേഡിംഗ് അനുസരിച്ച് സെഗ്രിഗേഷൻ നടത്തുന്നുണ്ട്.ഹരിതകർമമസേനാംഗങ്ങൾക്ക് ശുചിത്വ, സുരക്ഷാ ഉപകരണങ്ങൾ നൽകിയിട്ടുണ്ട്.

8) പാരിസ്ഥിതിക ആഘാതം

പരാതികൾ ലഭിക്കുന്ന സാഹചര്യത്തിൽ പരിശോധന നടത്തുകയും തെളിവ് സഹിതം വിവരം നൽകുന്നവർക്ക് പാരിതോഷികങ്ങൾ നൽകുകയും ചെയ്യുവരുന്നു.പൊതു സ്ഥലത്ത് മാലിന്യം വലിച്ചെറിഞ്ഞതിന് മറ്റും 38500 രൂപ പിഴ ഈടാക്കിയിട്ടുണ്ട്.

9) പരിശീലനവും വികസനവും

ഹരിതകർമ്മസേനാംഗങ്ങൾക്ക് പാഴ്‌വസ്തു സെഗ്രിഗേഷൻ സംബന്ധിച്ച പരിശീലനം നൽകിയിട്ടുണ്ട്.

10) നിയമങ്ങൾ പാലിക്കൽ

നിലവിലെ നിയമങ്ങൾ പാലിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കുന്നുണ്ട്.ഹരിതകർമസേന കൺസോർഷ്യം അവലോകനയോഗത്തിൽ ചർച്ച ചെയ്യുന്നുണ്ട്.

11) ഹരിതകർമ്മസേന അംഗങ്ങളുടെ പ്രവർത്തനം

പഞ്ചായത്തിൽ ഹരിതകർമസേനാംഗങ്ങളുടെ മാസാന്തര മീറ്റിംഗ് നടത്തുകയും പ്രവർത്തനം മോണിറ്ററിംഗ് നടത്തുകയും ചെയ്യുവരുന്നു.മാലിന്യ ശേഖരണത്തിന് അംഗങ്ങളുടെ എണ്ണം,സൗകര്യങ്ങൾ പര്യാപ്തമാണ്. ഹരിതകർമമസേനാംഗങ്ങൾക്ക് ശുചിത്വ, സുരക്ഷാ ഉപകരണങ്ങൾ നൽകിയിട്ടുണ്ട്.

## എം സി എഫ് അടിസ്ഥാന വിവരങ്ങൾ

1)അടിസ്ഥാന വിവരങ്ങൾ

ഗ്രാമപഞ്ചായത്തിൽ 7 ാം വാർഡിലെ നിലവിലെ എംസിഎഫ് സംവിധാനത്തിന് 1000 സ്ക്വയർഫീറ്റ് കൂടുതൽ വിസ്തൃതി ഉണ്ട്. അടിസ്ഥാന സൗകര്യങ്ങൾ ഉണ്ട്.വിവിധ വാർഡുകളിൽ 13 മിനി എംസിഎഫുകൾ ഉണ്ട്.ബെയിലിംഗ് മെഷീൻ ഉപയോഗിക്കുന്നുണ്ട്. മാലിന്യം കൊണ്ുവരുന്നതിനായി ഇലക്ട്രിക്ക് വാഹനം വാങ്ങിയത് ഉപയോഗിക്കുന്നുണ്ട്.ശുചിത്വ, സുരക്ഷാ ഉപകരണങ്ങൾ നൽകിയിട്ടുണ്ട്.

2)മാലിന്യ കൈമാറ്റ കാര്യക്ഷമത

വാർഡുകളിൽനിന്നും ശേഖരിക്കുന്ന മാലിന്യം എം സി എഫിൽ എത്തിക്കുന്നു. ഇവ വേർതിരിച്ച് ക്ലീൻകേരള കമ്പനിക്ക് കൈമാറുകയാണ് ചെയ്യുവരുന്നത്. ഹരിതമിത്രം ആപ്ലിക്കേഷൻ ഉപയോഗിച്ച് യൂസർഫീസ് കളക്ഷൻ പുരോഗമിച്ച് വരുന്നു.എന്നാൽ മുഴുവൻ വീട് - സ്ഥാപനങ്ങളിൽ നിന്നും എല്ലാമാസവും യൂസർഫീസ് കൃത്യമായി ലഭിക്കുന്നില്ല.151750 രൂപ നിലവിൽ കുടിശ്ശിക ഉണ്ട്.

3)മാലിന്യ സംഭരണ ശേഷി

ഗ്രാമപഞ്ചായത്തിൽ 7 ാം വാർഡിലെ നിലവിലെ എംസിഎഫ് സംവിധാനത്തിന് 1000 സ്ക്വയർഫീറ്റ് കൂടുതൽ വിസ്തൃതി ഉണ്ട്. അടിസ്ഥാന സൗകര്യങ്ങൾ ഉണ്ട്.ബെയിലിംഗ് മെഷീൻ ഉപയോഗിക്കുന്നുണ്ട്. മാലിന്യം സംഭരിക്കാനുള്ള സ്ഥലസൗകര്യം എംസിഎഫിൽ നിലവിൽ ലഭ്യമാണ്.വിവിധ വാർഡുകളിൽ 13 മിനി എംസിഎഫുകൾ ഉണ്ട്.

4) മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ

ഹരിതകർമസേനാംഗങ്ങൾ ശുചിത്വ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ട്.ശുചിത്വ, സുരക്ഷാ ഉപകരണങ്ങൾ നൽകിയിട്ടുണ്ട്.

എം സി എഫ് നേരിൽ സന്ദർശിച്ചതിന്റെ വിശദാംശം

18.09.2024-ന് ജൂനിയർ സൂപ്രണ്ടിന്റെ സാന്നിദ്ധ്യത്തിൽ ഓഡിറ്റ് ടീം സ്ഥലപരിശോധന നടത്തി. മാലിന്യം സംഭരിക്കാനുള്ള സ്ഥലസൗകര്യവും മറ്റും എംസിഎഫിൽ നിലവിൽ ലഭ്യമാണ്.കൈകാര്യം ചെയ്യാവുന്ന അളവിലുള്ള മാലിന്യങ്ങൾ മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്.അടിസ്ഥാന സൗകര്യങ്ങൾ എംസിഎഫിൽ ഉണ്ട്.



**എംസിഎഫ് കെട്ടിടം**




**ബെയിലിംഗ് മെഷീൻ**





**തരം തിരിച്ചു സൂക്ഷിച്ചിരിക്കുന്ന മാലിന്യങ്ങൾ**

ഭരണസമിതി സ്വീകരിച്ച നടപടികൾ

ജൈവമാലിന്യ സംസ്കരണത്തിനായി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കമ്പോസ്റ്റ് പിറ്റുകളുടെ നിർമ്മാണം നടത്തിയിട്ടുണ്ട്.ഉറവിട ജൈവ മാലിന്യ സംസ്കരണത്തിനായി ബയോ കമ്പോസ്റ്റ് ബിന്നുകൾ വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി സോക്കേജ് പിറ്റുകളുടെ നിർമ്മാണം നടത്തിയിട്ടുണ്ട്.വിവിധ വാർഡുകളിലെ കുന്നുകുട്ടി കിടന്ന മാലിന്യ കൂമ്പാരങ്ങൾ നീക്കം ചെയ്ത് വൃത്തിയാക്കി സൂക്ഷിക്കുനന്തിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

ഹരിത പ്രോട്ടോകോൾ -ന്റെ ഭാഗമായി സ്റ്റീൽ പ്ലേറ്റ്, സ്റ്റീൽ ഗ്ലാസ് എന്നിവ വാടകയ്ക്ക് നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.എംസിഎഫ് പരിസരം

സൗന്ദര്യവൽക്കരണത്തിന്റെ ഭാഗമായി പൂക്കളും ചെടികളും വച്ചു പിടിപ്പിച്ചിട്ടുണ്ട്.പ്ലാസ്റ്റിക് വസ്തുക്കളുടെ ഉപയോഗം കുറക്കുന്നതിന് ഹരിത കർമ്മ സേനാംഗങ്ങൾ സ്കൂളുകളിൽ വിദ്യാർത്ഥികൾക്ക് ബോധവൽക്കരണ ക്ലാസുകൾ നടത്തിയിട്ടുണ്ട്. നേരിട്ടും സാമൂഹ്യ മാധ്യമങ്ങൾ വഴിയും ഹരിതകർമസേനാംഗങ്ങളുടെ പ്രവർത്തനങ്ങൾ ജനങ്ങളിലെത്തിക്കാനും അവബോധം സൃഷ്ടിക്കുന്നതിനും മോണിറ്ററിംഗ് നടത്തുന്നതിനും ഭരണസമിതി ശ്രദ്ധിക്കുന്നുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
|---|---|---|
| 2023-24 | 5-9-2024മുതൽ 13-9-2024വരെ | ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം -1 ആയി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| | | | | | |

| | | | | | |
|---|---|---|---|---|---|
| ചിറ്റൂർ ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 1237500 | 54/24-നെൽകൃഷിക്ക് ധനസഹായം-ജനറൽ | 1237500 | 0 |
| ചിറ്റൂർ ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 271135 | 13/24-പാലിയേറ്റീവ് കെയർ | 271135 | 0 |
| ചിറ്റൂർ ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 3840000 | 59/24-ലൈഫ് മിഷൻ-എസ്സിപി | 3840000 | 0 |
| ചിറ്റൂർ ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 160000 | 53/24-ലൈഫ് മിഷൻ-ജനറൽ | 160000 | 0 |
| ചിറ്റൂർ ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 200000 | 21/24-ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 2023-24 | 2788500 | 54/24-നെൽകൃഷിക്ക് ധനസഹായം-ജനറൽ | 2788500 | 0 |
| ജില്ലാ പഞ്ചായത്ത് | 2023-24 | 154400 | 57/24-നെൽകൃഷിക്ക് ധനസഹായം-എസ്സിപി | 154400 | 0 |
| ജില്ലാ പഞ്ചായത്ത് | 2023-24 | 480000 | 59/24-ലൈഫ് മിഷൻ-എസ്സിപി | 480000 | 0 |
| ജില്ലാ പഞ്ചായത്ത് | 2023-24 | 122780 | ആശ്രയ | 0 | 122780 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുക നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ചത് | ആകെ | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|---|

| | | | | | | | ബാക്കി യുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ- ഭവന നിർമ്മാണം | GO(MS)No. 68/2018. LSGD Dt.18.5.2018 | 18806870 | --- | 18806870 | 2736542 | -- | 16070328* |

*ലൈഫ് ലോൺ രജിസ്റ്റർ പ്രകാരമുള്ള യഥാർത്ഥ വിവരങ്ങളാണ് മേൽ പട്ടികയിൽ ചേർത്തിരിക്കുന്നത്. 2022-23 വർഷത്തെ നീക്കിയിരിപ്പ് തുക ₹18806870 തന്നെയാണ് 2023-24 വർഷവും നീക്കിയിരിപ്പായി വാർഷിക ധനകാര്യ പത്രികയിൽ ചേർത്തിരിക്കുന്നത്.

## 4-6 സ്ഥിര നിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| --- | --- | 2013-14 | 6.1 | ലഘു അവലോകനം -പെർഫോമൻസ് ഗ്രാന്റ് വിനിയോഗം | സിറ്റിംഗ് നടന്നിട്ടില്ല. |
| --- | --- | 2016-17 | 9.3.2 | പ്രത്യേക റിപ്പോർട്ട് -ജലവിതരണവും തദ്ദേശ സ്ഥാപനങ്ങളുടെ സാമ്പത്തിക ബാധ്യതയും | |
| 2014-15 | 2-7 | 2016-17 | അധ്യായം-1 | വസ്തു നികുതി | സിറ്റിംഗ് നടന്നിട്ടില്ല. |
| 2014-15 | 2-1, 2-2 | 2016-17 | അധ്യായം-2 | തൊഴിൽ നികുതി | സിറ്റിംഗ് നടന്നിട്ടില്ല. |
| 2019-20 | 1-14 | 2020-21 | അനുബന്ധം-2 | മെഡിക്കൽ ഓഫീസർ, ഹോമിയോ | സിറ്റിംഗ് നടന്നിട്ടില്ല. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് മുന്നിരിപ്പ് ഉൾപ്പടെ | : | ₹46336666/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹27646656/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ----- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ----- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ----- |

(ബി). **പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല.

**പിഴയിനത്തിൽ തനത് ഫണ്ടിലേക്ക് അടവാക്കേണ്ട തുകയുടെ വിവരം (ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം)**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-26 | 2950 | ശ്രീജ.സി.വി<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-27 | 19688 | ശ്രീജ.സി.വി<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 22638 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

ഇല്ല.

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക |
|---|---|
| ഇല്ല | |

(ഡി) **നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

------

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| | | |

| | | |
|---|---|---|
| ശ്രീജ.സി.വി അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ പൊൽപ്പുള്ളി ഗ്രാമപഞ്ചായത്ത് | വാസു നിവാസ്, സൌത്ത് ചാവടിയൂർ, ഷോളയൂർ പി.ഒ., പാലക്കാട് -678 510 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | നം.കെ.എസ്.എ-പി.കെ.ഡി11/792/ 2018തിയ്യതി.6.9.2018 (ഓഡിറ്റ് അദാലത്ത് ) | 1 |
| 1997-98 | | 0 |
| 1998-99 | | 1 |
| 1999-2000 | | 7 |
| 2000-01 പ്ലാൻഒഴികെ | | 2 |
| 2000-01 പ്ലാൻ | | 6 |
| 2001-02 പ്ലാൻഒഴികെ | | 0 |
| 2001-02 പ്ലാൻ | | 2 |
| 2002-03 | | 4 |
| 2003-04 | | 13 |
| 2004-05 | | 4 |
| 2005-06 | | 12 |
| 2006-07 | | 13 |
| 2007-08 | എൽ.എഫ്.പി11/612/15/30-6-2015 | 6 |
| 2008-09 | കെ.എസ്.എ.പി.കെ.ഡി.11/2144/15/ 5-3-2016 | 4 |
| 2009-10 | എൽ.എഫ്.പി11.2140/2014/1-12-2014 | 8 |
| 2010-11 | എൽഎഫ്.പി11/1896/2013/4-12-2013 | 7 |
| 2011-12 | കെ.എസ്.എ.പി.കെ.ഡി.11/1478/15/ 19-9-2015 | 8 |
| 2012-13 | കെ.എസ്.എ-പികെഡി-11/1939/15/ 31.3.2016 | 7 |
| 2013-14& 2014-15 | കെ.എസ്.എ-പികെഡി-11/1072/16/18-10-2016 | 17 |
| 2015-16 | കെ.എസ്.എ-പികെഡി.11-744/2018/14-5-2018 | 7 |
| 2016-17 | നം.കെ.എസ്.എ.പി.കെ.ഡി.11-1752/2017/ 27.3.2018 | 15 |
| 2017-18 | നം.കെ.എസ്.എ.പി.കെ.ഡി.11/259/2019/ 13.05.2019 | 12 |
| 2018-19 | നം.കെ.എസ്.എ.പി.കെ.ഡി.11-1399/2019/ 25.11.2019 | 18 |

| | | |
|---|---|---|
| 2019-20 | നം.കെ.എസ്.എ.പി.കെ.ഡി.11/889/2020/ 13.04.2021 | 27 |
| 2020-21 | നം.കെ.എസ്.എ.പി.കെ.ഡി.11/1165/2021/ 04.10.2021 | 22 |
| 2021-22 | നം.കെ.എസ്.എ.പി.കെ.ഡി.11/1827/22/ 30.11.22 | 22 |
| 2022-23 | നം.കെ.എസ്.എ.പി.കെ.ഡി.പി11/1785/23/ 18-12-2023 | 19 |

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

**Annexure-1**
**Audit Certificate**

i. I have audited the attached Financial statements approved vide resolution number 4(1) dated 25-05-2024 and submitted on 26-07-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Polpully Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Polpully Grama Panchayat as on 31-03-2024

**Date: 04/11/2024** **Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Polpully Grama Panchayat for the Year 2023-2024.

### 1.Major Observations

nil

### 2.Other Observations

1. All the mandatory financial statements prescribed in the Kerala Panchayat Raj Accounting Rules are not submitted for audit.
2. Net increase /decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents in the Cashflow statement-.
3. Asset register is not updated . Hence the value of Fixed assets (schedule-B11), Accumulated depreciation (schedule-B11(a) as per Balancesheet could not be ascertained.

4.maintenance grant nonroad ÂÂ□ expenditure in the AFSand the actual expenditure is not matched.

5health grant-Infrastructure in Balance sheet B4 And B17 schedules are different.

6.The amount returned from KWA has been entered in duplication in the RP 30 schedule.

7.ICDS central share- Expenditure amount not included in Income and Expenditure I6 schedule
8. Expenditure out of Grant from Suchitwa Mission is not included in the AFS but there is expenditure booked in the Sulekha Expenditure Statment( Project No. 50/24)
9.Development fund general and SCP expenditure in AFS do not match with Sulekha expenditure statement.

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ പൊൽപുള്ളി ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/ തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-3
# വാർഷിക കണക്ക്-പത്രികകൾ-സംക്ഷിപ്തം

| Polpully Grama Panchayat RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2023 to 31-March-2024 | | | |
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 10147885.00 |
| Cash | Cash | RP-40(a) | 23008.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 414990.00 |
| 130000000 | Rental income from Panchayat Properties | RP-3 | 200000.00 |
| 140000000 | Fees & User Charges | RP-4 | 1786176.00 |
| 150000000 | Sale & Hire Charges | RP-5 | 211752.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 7592420.00 |
| 171000000 | Interest Earned | RP-9 | 18031.00 |
| 210000000 | Establishment Expenses | RP-12 | 700.00 |
| 230000000 | Operations & Maintenance | RP-14 | 10930.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 21195312.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 3812385.00 |
| 460000000 | Loans, Advances and Deposits | RP-49 | 492718.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 5450.00 |
| 330000000 | Secured Loans | RP-31 | 0.0 |
| 340000000 | Deposits Received | RP-33 | 37118.00 |
| 350000000 | Other Liabilities | RP-35 | 387791.00 |
| | **Grand total** | | **46336666.00** |
| | **PAYMENTS** | | |
| | **Operating** | | |
| 130000000 | Rental Income from Panchayat Properties | RP-3 | 2500.00 |
| 220000000 | Administrative Expenses | RP-13 | 3000.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 461243.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 356966.00 |
| 460000000 | Loans, Advances and Deposits | RP-49 | 2575398.00 |
| | **Non Operating** | | |
| 340000000 | Deposits Received | RP-33 | 36782.00 |
| 350000000 | Other Liabilities | RP-35 | 24210767.00 |

| | | | |
|---|---|---|---|
| | **Closing Balance** | | |
| Bank | Bank | RP-40(b) | 18682778.00 |
| Cash | Cash | RP-40(b) | 7232.00 |
| | **Grand Total** | | **46336666.00** |

| Polpully Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2023 to 31-March-2024 | | | |
| Code.No | Description of Items | Schedule No | Amount |
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 2630008.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 197500.00 |
| 140000000 | Fee & User Charges | I-4 | 2083031.00 |
| 150000000 | Sale & Hire Charges | I-5 | 211752.00 |

| | | | |
|---|---|---|---|
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 100763970.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 18031.00 |
| 180000000 | Other Income | I-9 | 5450.00 |
| 190000000 | Prior Period Income | I-19 | 0.0 |
| | **Total Income** | | **105909742.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10 | 11406205.00 |
| 220000000 | Administrative Expenses | I-11 | 851227.00 |
| 230000000 | Operations & Maintenance | I-12 | 799071.00 |
| 240000000 | Interest & Finance Charges | I-13 | 114413.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 7231233.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 26130270.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 2948567.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 23620513.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 29702600.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 1088664.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 1643307.00 |
| | **Total Expenditure** | | **105536070.00** |
| | **Gross Surplus / Deficit of income over Expenditure** | | **373672.00** |
| | **Gross Surplus / Deficit of income over Expenditure** | | **-6776140.00** |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | -7149812.00 |
| | **Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund)** | | **-7149812.00** |

**Polpully Grama Panchayat BALANCE SHEET**

As on 31-March-2024

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 39864523.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 41689.00 |
| 312000000 | Reserves | B-3 | 43015765.00 |
| | **Total Reserve & Surplus** | | **82921977.00** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 17138884.00 |
| | **Total Grants, Contributions for Specific Purposes** | | **17138884.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 18806870.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | **Total Loans** | | **18806870.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 328215.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 3867146.00 |
| 360000000 | Provisions | B-10 | 0.0 |
| | **Total Current Liabilities and Provisions** | | **4195361.00** |
| | **TOTAL LIABILITIES** | | **123063092.00** |

| | | | |
|---|---|---|---|
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 2572284.00 |
| 412000000 | Capital Work in Progress | B-11(b) | 0.0 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 58220.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 12831854.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 69250007.00 |
| 416000000 | Accumulated Depreciation | B-11(a) | -1643307.00 |
| | **Total Fixed Assets** | | **83069058.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 0.0 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | **Total Investments** | | **0.0** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 67705.00 |
| 431000000 | Sundry Debtors (Receivables) | B-15 | 1011575.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 18806870.00 |
| 450000000 | Cash and Bank Balance | B-17 | 18690010.00 |
| 460000000 | Loans, Advances and Deposits | B-18 | 1417874.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | **Total Current Assets, Loans and Advances** | | **39994034.00** |
| | **Other Assets** | | |
| 470000000 | Other Assets | B-19 | 0.0 |
| | **Total Other Assets** | | **0.0** |
| | **Miscellaneous Expenditure (To the Extent not written off)** | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | **Total Miscellaneous Expenditure (To the Extent not written off)** | | **0.0** |
| | **TOTAL ASSETS** | | **123063092.00** |

ഡെപ്യൂട്ടി ഡയറക്ടർ